Sahyanadham September 2015
Reg. No. KERMAL / 2004 / 12498. No. KL/IDK/08/2013-15
Date of Publication: 02/9/2015
Posted at Thodupuzha Stg.
Annual Subscription Rs. 60.00



Printed at St. Martha's Offset Printers, Murickassery
Idukki Dist. 685 604, Ph. 263688
Editor, Printer & Publisher. Rev. Fr. James Punnaplackal
Bishop's House, Idukki - 685 602

# സഹ്യനാദം

വാല്യം 12
സെപ്റ്റംബർ 2015
ലക്കം 9



## ഇടുക്കി രൂപതാ ബുള്ളറ്റിൻ



സെപ്തംബർ 21 ന്
നാമഹേതുകത്തിരുനാളും
23 ന് ജന്മദിനവും ആഘോഷിക്കുന്ന
അഭിവന്ദ്യ പിതാവിന്
രൂപതാക്കുടുംബത്തിന്റെ
**ആശംസകൾ**



പരി. കന്യകാമറിയത്തിന്റെ
**ജനനത്തിരുനാളാശംസകൾ**

# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

Volume : 12
Issue No. : 9
Month : September 2015




## ഈ ലക്കത്തിൽ


| | |
|---|---|
| രൂപത കച്ചേരി | 07 |
| വിശ്വാസപരിശീലനം | 20 |
| വിദ്യാഭ്യാസം | 23 |
| സാമൂഹ്യസേവനം | 24 |
| തിരുബാലസഖ്യം | 27 |
| ചെറുപുഷ്പ മിഷൻലീഗ് | 28 |
| കെ.സി.എസ്.എൽ. | 31 |
| കെ.സി.വൈ.എം. | 33 |
| കെ.സി.ബി.സി. മദ്യവിരുദ്ധസമിതി | 35 |
| കുടുംബ പ്രേഷിതത്വം | 37 |
| മാതൃവേദി | 38 |
| ആത്മജ്യോതിയിലെ പരിപാടികൾ | 39 |
| കത്തോലിക്കാ കോൺഗ്രസ് | 39 |
| കേരള ലേബർ മൂവ്മെന്റ് | 44 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 46 |
| രൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 48 |



*Chief Editor*

**Fr. Joseph Kochukunnel**

*Reg. Editor*

Rev. Fr. James Punnaplackal

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Website & e-mail*

www.idukkidiocese.org
curiaidukkidiocese@gmail.com


"Not all of us can do great things. But we can do small things with great love."

*Mother Teresa*

## ഓർമ്മിക്കാൻ

### സെപ്റ്റംബർ മാസത്തിലെ പ്രധാന ദിനങ്ങളും പരിപാടികളും

| | |
|---|---|
| 04 | : കെ.സി.എസ്.എൽ. അദ്ധ്യാപക ദിനാചരണം |
| 12 | : സമർപ്പിത വൈദിക സംഗമം, ഇരട്ടയാർ |
| 13-18 | : വൈദികരുടെ വാഷികധ്യാനം, ആത്മജ്യോതി അടിമാലി |
| 19 | : മാതൃവേദി രൂപതാ വാർഷികം |
| 20 | : സി.എം.എൽ. പ്രതിഭാസംഗമം, സംസ്ഥാന സാഹിത്യ മത്സരം |
| 24 | : തിരുബാലസഖ്യം മേഖല കലോത്സവം |
| | : സൺഡേസ്കൂൾ ആനിമേറ്റേഴ്സ് കോൺഫ്രൻസ് |
| | : കെ.എൽ.എം. ഇടുക്കി രൂപതാ നേതൃയോഗം |
| 27 | : ലോഗോസ് ക്വിസ് പരീക്ഷ |
| 28-30 | : വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി അടിമാലി |

### ആരാധനക്രമ പഞ്ചാംഗത്തിൽ നിന്നും

| | |
|---|---|
| 01 | : എട്ടുനോമ്പാരംഭം |
| 05 | : വാ. മദർ തെരേസ |
| 08 | : പരിശുദ്ധ കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ |
| 12 | : വി. ജോന്ന ക്രിസോസ്തോം |
| 14 | : വി. കുരിശിന്റെ പുകഴ്ച |
| 21 | : വി. മത്തായി ശ്ലീഹാ |
| 26 | : വി. വിൻസെന്റ് ഡി പോൾ |
| 29 | : മാലാഖമാരായ വി. മിഖായേൽ, ഗബ്രിയേൽ, റഫായേൽ |
| 30 | : വി. ജറോം |



**സത്ന രൂപതയുടെ നിയുക്ത മെത്രാൻ**
**മോൺ. ജോസഫ് കൊടകല്ലിലിനും,**
**അദീലാബാദ് രൂപതയുടെ നിയുക്ത മെത്രാൻ**
**മോൺ. ആന്റണി പ്രിൻസ് പനങ്ങാടനും,**
**കാനഡാ എക്സാർക്കേറ്റിന്റെ നിയുക്ത**
**എക്സാർക്ക് മോൺ. ജോസ് കല്ലുവേലിലിനും,**
**മാണ്ഡ്യ രൂപതയുടെ നിയുക്ത മെത്രാൻ**
**മോൺ. ആന്റണി കരിയിലിനും**
**ഇടുക്കി രൂപതാ കുടുംബത്തിന്റെ**
**മംഗളാശംസകളും പ്രാർത്ഥനകളും**





# അഭിനന്ദനങ്ങൾ





**സംസ്ഥാന അദ്ധ്യാപക അവാർഡ് ജേതാക്കളായ**
**പൊട്ടൻകാട് സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ**
**ഹെഡ്മാസ്റ്റർ ശ്രീ. കെ.വി. തോമസിനും**
**നെടുംകണ്ടം സെന്റ് സെബാസ്റ്റ്യൻസ് യു.പി. സ്കൂൾ**
**ഹെഡ്മിസ്ട്രസ്**
**സി. മോളിക്കുട്ടി തോമസിനും (സി. എൽസീന SH)**
**ഇടുക്കി രൂപതയുടെ ആത്മാർത്ഥമായ**
**അഭിനന്ദനങ്ങൾ !!!**



## രൂപതക്കച്ചേരി

**C. 77/14 നാമഹേതുകത്തിരുനാൾ മംഗളങ്ങൾ**

സെപ്റ്റംബർ 21-ാം തീയതി നാമഹേതുകത്തിരുനാൾ ആഘോഷിക്കുന്ന അഭി. പിതാവിന് രൂപതാ കുടുംബത്തിന്റെ തിരുനാൾ ആശംസകൾ. വളർന്നുകൊണ്ടിരിക്കുന്ന നമ്മുടെ രൂപതയെ ശക്തമായ നേതൃത്വപാടവത്തോടെ നയിക്കുന്നതിനുള്ള ദൈവകൃപ അഭി. പിതാവിന് ധാരാളമായി കൈവരട്ടെ. പിതാവിനെ നന്ദിപൂർവ്വം അനുസ്മരിക്കുന്നതോടൊപ്പം അന്നേ ദിവസം പ്രത്യേകമായി പ്രാർത്ഥിക്കുവാൻ ബഹു. വികാരിയച്ചന്മാർ വിശ്വാസികളെ ഉദ്ബോധിപ്പിക്കുമല്ലോ.

**C. 78/14 വൈദികർക്കായുള്ള സ്റ്റഡി ഫോറം**

നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന ബഹു. വൈദികർക്കായി സ്റ്റഡി ഫോറം 2015 ഒക്ടോബർ 13, 14 തീയതികളിൽ നടത്തപ്പെടുന്നു. ബഹു. വൈദികരെല്ലാവരും സ്റ്റഡി ഫോറത്തിൽ പങ്കെടുക്കേണ്ടതാണ്.

ഇരട്ടയാർ : ഒക്ടോബർ 13 (ചൊവ്വ)
അടിമാലി : ഒക്ടോബർ 14 (ബുധൻ)
സമയം: 10.00 am - 4.00 pm

**C. 79/14 ഒക്ടോബർ മാസവും ജപമാല ഭക്തിയും**

നമ്മുടെ ഇടവകകളിലും പ്രത്യേകമായി ഓരോ ഭവനത്തിലും ഒക്ടോബർ മാസം ജപമാലയുടെ മാസമായി ഉചിതമായി ആചരിക്കുവാൻ പരിശ്രമിക്കേണ്ടതാണ്. കൂടുതൽ ത്യാഗപൂർവ്വം വി. കുർബാനയിലും, ജപമാലയിലും, ദിവ്യകാരുണ്യ ആരാധനയിലും പങ്കെടുക്കുവാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.





**C. 80/15 വൈദികരുടെ വാർഷിക ധ്യാനം**

നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന വൈദികരുടെ വാർഷിക ധ്യാനം രണ്ടാമത്തെ ബാച്ച് നേരത്തെ അറിയിച്ചിരുന്നതുപോലെ സെപ്തംബർ 13-18 തീയതികളിൽ അടിമാലി ആത്മജ്യോതിയിൽ നടത്തപ്പെടുന്നു. ധ്യാനത്തിന്റെ വിശദവിവരങ്ങൾ 2015 ജൂലൈ മാസത്തിലെ സഹ്യനാദത്തിൽ.

**C. 81/14 തിരുനാൾ മംഗളങ്ങൾ**

| | |
|---|---|
| റവ. ഫാ. മാത്യു തൊട്ടിയിൽ | സെപ്റ്റംബർ 21 |
| റവ. ഫാ. മാത്യു അരീപ്ലാക്കൽ | ,, |
| റവ. ഫാ. മാത്യു ചെറുപറമ്പിൽ | ,, |
| റവ. ഫാ. മാത്യു കരോട്ടുകൊച്ചറയ്ക്കൽ | ,, |
| റവ. ഫാ. മാത്യു തടത്തിൽ | ,, |
| റവ. ഫാ. മാത്യു തറമുട്ടം | ,, |
| റവ. ഫാ. മാത്യു വളവനാൽ | ,, |
| റവ. ഫാ. മാത്യു വിളക്കുമരുതുങ്കൽ | ,, |
| റവ. ഫാ. മാത്യു ഇരുമ്പുകുത്തിയിൽ | ,, |
| റവ. ഫാ. മാത്യു പുതുപറമ്പിൽ | ,, |
| റവ. ഫാ. മാത്യു അഴകനാക്കുന്നേൽ | ,, |
| റവ. ഫാ. മാത്യു അരയത്തിനാൽ | ,, |
| റവ. ഫാ. മാത്യു കുഴികണ്ടത്തിൽ | ,, |
| റവ. ഫാ. മാത്യു പൊന്നമ്പേൽ | ,, |
| റവ. ഫാ. മാത്യു വെങ്ങാലൂർ | ,, |
| റവ. ഫാ. മാത്യു മടുക്കക്കുഴി | ,, |
| റവ. ഫാ. വിൻസെന്റ് വാളിപ്ലാക്കൽ | സെപ്റ്റംബർ 26 |
| റവ. ഫാ. മൈക്കിൾ മാളിയേക്കൽ | സെപ്റ്റംബർ 29 |

## C. 82/15 സമർപ്പിത വർഷം

**മേഖലാതല സമർപ്പിത-വൈദികസംഗമം**

വെള്ളയാംകുടി, നെടുങ്കണ്ടം, തങ്കമണി, ഇരട്ടയാർ ഫൊറോനകളിലെ എല്ലാ വൈദികരും സമർപ്പിതരും ഒന്നുചേരുന്ന സമർപ്പിതസംഗമം ഇരട്ടയാറിൽ സെപ്റ്റംബർ 12-ന് നടക്കുന്നു. രാവിലെ 9.30-ന് വി. കുർബാനയോടുകൂടി ആരംഭിക്കുന്ന സമ്മേളനം ഉച്ചകഴിഞ്ഞ് 3.30-ന് സമാപിക്കുന്നതായിരിക്കും. ശ്രീ. അലക്സാണ്ടർ ജേക്കബ് IPS ആയിരിക്കും ക്ലാസ് നയിക്കുക.

## C. 83/15 പൗരോഹിത്യ ആദ്ധ്യാത്മികത: ധ്യാനചിന്തകൾ

**മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**

### വിശ്വാസം - സ്നേഹം - സമർപ്പണം

**(തിരുവചനഭാഗം: ലൂക്കാ 20,20-21,4)**

ക്രിസ്തീയജീവിതത്തിനും പൗരോഹിത്യജീവിതത്തിനും ഉണ്ടായിരിക്കേണ്ട അടിസ്ഥാനപരമായ ചില സവിശേഷതകളാണ് ഈ വചനഭാഗം അവതരിപ്പിക്കുന്നത്. ഈശോയും യഹൂദരും തമ്മിലുള്ള ഒരു സംഭാഷണപശ്ചാത്തലത്തിലാണ് ഈ ഭാഗം സുവിശേഷകൻ അവതരിപ്പിക്കുന്നത്. ഈശോയെ കെണിയിൽപെടുത്താനുള്ള നിയമജ്ഞരുടെയും പുരോഹിതരുടെയും പരിശ്രമത്തിന്റെ ഭാഗമാണ് ഈ സംഭാഷണം. റോമൻ ചക്രവർത്തിക്ക് എതിരായ ഒരു പ്രസ്താവന ഈശോയുടെ നാവിൽനിന്നും വീഴ്ത്തി, ആ കുറ്റത്തിന്റെ പേരിൽ അവിടുത്തെ റോമൻ അധികാരികൾക്ക് ഏല്പിച്ചുകൊടുക്കുക എന്നതായിരുന്നു അവരുടെ ഉദ്ദേശം.

എന്നാൽ ഈശോ ഈ സാഹചര്യത്തെ വിവേകപൂർവം നേരിടുകയും ക്രിസ്തീയജീവിതത്തിനും പൗരോഹിത്യജീവിതത്തി



നുമുണ്ടാകേണ്ട അടിസ്ഥാനപരമായ ചില സവിശേഷതകൾ വെളിപ്പെടുത്തുവാൻ ഈ അവസരം വിനിയോഗിക്കുകയും ചെയ്യുന്നു. സീസറിനു നികുതി കൊടുക്കുന്ന പ്രശ്നമാണ് നിയമജ്ഞർ ആദ്യം ഉന്നയിക്കുന്നതെങ്കിൽ (20,20-26) മരിച്ചവരുടെ ഉത്ഥാനത്തിന്റെ പ്രശ്നമാണ് സദുക്കായർ ഈശോയോടു ചോദിക്കുന്നത് (20,27-40). അതേത്തുടർന്ന് ഈശോ അവരോട് ദാവീദിന്റെ പുത്രനെക്കുറിച്ചു ചോദിക്കുകയും (20,41-44) നിയമജ്ഞരുടെ കാപട്യം സൂക്ഷിക്കുവാൻ ശിഷ്യരെ ഉപദേശിക്കുകയും ചെയ്യുന്നു (20,45-47). അവസാനം തനിക്കുള്ളതുമുഴുവൻ നല്കിയ വിധവയെപ്പറ്റി പറഞ്ഞുകൊണ്ട് (21,1-4) ഈ ഭാഗം അവസാനിപ്പിക്കുന്നു. ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനമായ വിശ്വാസത്തിന്റെ കാതലായ മൂന്നു വിഷയങ്ങളും, മുഖമുദ്രയായ സ്നേഹശുശ്രൂഷയും, തീവ്രരൂപമായ സമർപ്പണവും അവതരിപ്പിക്കുന്ന സുവിശേഷഭാഗമാണിത്.

#### 1. സർവശക്തനായ ദൈവത്തിലുള്ള വിശ്വാസം

"*അവൻ അവരുടെ കൗശലം മനസ്സിലാക്കി അവരോടു പറഞ്ഞു: നിങ്ങൾ ഒരു ദനാറ എന്നെ കാണിക്കുവിൻ. ആരുടെ രൂപവും ലിഖിതവുമാണ് ഇതിലുള്ളത്? സീസറിന്റേത് എന്ന് അവർ പറഞ്ഞു. അവൻ അവരോടു പറഞ്ഞു: എങ്കിൽ സീസറിനുള്ളതു സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുക്കുവിൻ*" (20,23-25).

ഈശോയെ കെണിയിൽപെടുത്താൻവേണ്ടി നിയമജ്ഞരും പ്രധാനപുരോഹിതരും, നീതിമാന്മാരെന്നു ഭാവിക്കുന്ന ചാരന്മാരെ അയച്ച് ഒരു ചോദ്യമുന്നയിക്കുന്നു: "ഞങ്ങൾ സീസറിനു നികുതി കൊടുക്കുന്നത് നിയമാനുസൃതമോ, അല്ലയോ?" (20,22). കപടനാട്യക്കാരായ ചാരന്മാർ ഫരിസേയരായിരിക്കണം (ലൂക്കാ 16,15; 18,9). ഉത്തരം പറയാൻ ഏറെക്കുറെ അസാദ്ധ്യമായ ഒരു ചോദ്യമാണിത്. 'അതെ' എന്നും 'അല്ല' എന്നും പറഞ്ഞാൽ പ്രശ്നമാകും. 'അതെ' എന്നു പറഞ്ഞാൽ ദൈവദ്രോഹക്കുറ്റമാകും. കാരണം, ദൈവം മാത്രമാണ് രാജാവ് എന്നു വിശ്വസിച്ചിരുന്നവരാണ് യഹൂദർ. ദൈവത്തിനുമാത്രം കൊടുക്കേണ്ട അംഗീകാരം മനുഷ്യർക്കു കൊടുക്കുന്നത് വലിയ അപരാധമാണ്. 'അല്ല' എന്നു പറഞ്ഞാൽ രാജ്യദ്രോഹക്കുറ്റമാകും. ഈശോ സീസറിനെതിരെ നിലപാട് എടുക്കുന്നവനാകും.

അങ്ങനെ രണ്ടു തരത്തിലും ഈശോയെ കുറ്റപ്പെടുത്താനുള്ള മാർഗ മാണ് അവർ ആരായുന്നത്. എന്നാൽ ഈശോ കെണിയിൽപെടാതെ ആ സാഹചര്യത്തെ കൈകാര്യം ചെയ്യുന്നു. അന്നു നിലവിലിരുന്ന നാണയം കാണിക്കാൻ ഈശോ ആവശ്യപ്പെടുന്നു (20,24). 'ദനാറ' കൊണ്ടുവന്നപ്പോൾ അതിലെ ലിഖിതം ആരുടേതെന്നു ചോദിക്കുന്നു. സീസറിന്റേത് എന്ന് അവർ മറുപടി പറയുന്നു. നിലവിലിരിക്കുന്ന നാണയം ന്യായമായ ഭരണത്തിന്റെ അടയാളമാണ്. ന്യായമായ ഭരണത്തെ ആദരിക്കുന്നവർ ന്യായമായ നികുതിയും കൊടുക്കണം. അതുകൊണ്ട് ഈശോ പറഞ്ഞു: "സീസറിനുള്ളതു സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുക്കുവിൻ" (20,25).

ദൈവത്തെയും ദൈവനിശ്ചിതമായ മാനുഷിക അധികാരികളെയും അംഗീകരിക്കുവാൻ ഈശോ ഇവിടെ ആഹ്വാനം ചെയ്യുകയാണ്. ഈശോയുടെ സുവിശേഷം ദൈവരാജ്യത്തിന്റെ സുവിശേഷമാണ് (മർക്കോ 1,14-15). 'ദൈവരാജ്യം' എന്നു പറഞ്ഞാൽ 'ദൈവഭരണം' എന്നാണ്. മനുഷ്യകുലം മുഴുവൻ ദൈവത്താൽ ഭരിക്കപ്പെടുന്ന സ്ഥിതിവിശേഷമാണ് ദൈവരാജ്യം. അപ്രകാരമൊരു സ്ഥിതിവിശേഷം യാഥാർത്ഥ്യമാകണം എന്നതാണ് ഈശോയുടെ വരവിന്റെ ലക്ഷ്യം. സഭ ദൈവരാജ്യത്തിന്റെ കൂദാശയാണ്; അടയാളമാണ്; അപ്രകാരം ആയിരിക്കണം. സഭാംഗങ്ങളെല്ലാവരും ദൈവഹിതം പൂർണമായും നിറവേറ്റുന്ന ജീവിതം നയിക്കുമ്പോൾ മാത്രമേ അതു പൂർണമായ അർത്ഥത്തിൽ യാഥാർത്ഥ്യമാവുകയുള്ളു. നമ്മുടെ ജീവിതത്തിന്റെയും തീരുമാനങ്ങളുടെയും മാനദണ്ഡം ദൈവഹിതമായിരിക്കണം. മനഃസാക്ഷിയുടെ സ്വരവും സഭയുടെ വിശ്വാസപരമായ ബോദ്ധ്യങ്ങളുമാണ് അനുദിനജീവിതത്തിൽ നമുക്കു ദൈവഹിതം വ്യക്തമാക്കുന്നത്. അതുപോലെതന്നെ ന്യായമായ രാഷ്ട്രീയാധികാര സംവിധാനങ്ങളെയും ആദരിക്കണമെന്ന് ഈശോ പഠിപ്പിക്കുന്നു. പൗലോസ്ശ്ലീഹായുടെ വാക്കുകൾ ഇവിടെ പ്രസക്തമാണ്: "ഓരോരുത്തനും മേലധികാരികൾക്കു വിധേയനായിരിക്കട്ടെ. എന്തെന്നാൽ ദൈവത്തിൽനിന്നല്ലാതെ അധികാരമില്ല. നിലവിലിരിക്കുന്ന അധികാരങ്ങൾ ദൈവത്താൽ സ്ഥാപിതമാണ്. തന്നിമിത്തം അധികാരത്തെ ധിക്കരിക്കുന്നവൻ ദൈവികസംവിധാനത്തെയാണ് ധിക്ക



രിക്കുന്നത്" (റോമാ 13,1-2). രാഷ്ട്രീയമായ ഉത്തരവാദിത്വബോധത്തോടെ രാഷ്ട്രത്തിൽ ജീവിക്കുവാനും പ്രവർത്തിക്കുവാനും ഇതു പുരോഹിതർക്കും വിശ്വാസികളേവർക്കും പ്രചോദനമാകണം.

**2. ഉത്ഥാനത്തിലുള്ള വിശ്വാസം**

*"ഈശോ അവരോടു പറഞ്ഞു: ഈ യുഗത്തിന്റെ സന്താനങ്ങൾ വിവാഹം ചെയ്യുകയും ചെയ്തുകൊടുക്കുകയും ചെയ്യുന്നു. എന്നാൽ, വരാനിരിക്കുന്ന യുഗത്തെ പ്രാപിക്കുന്നതിനും മരിച്ചവരിൽനിന്ന് ഉയിർക്കുന്നതിനും യോഗ്യരായവർ വിവാഹം ചെയ്യുകയോ ചെയ്തുകൊടുക്കുകയോ ഇല്ല. പുനരുത്ഥാനത്തിന്റെ മക്കളെന്ന നിലയിൽ അവർ ദൈവദൂതന്മാർക്കു തുല്യരും ദൈവമക്കളുമാണ്. ആകയാൽ, അവർക്ക് ഇനിയും മരിക്കാൻ സാധിക്കുകയില്ല"* (20,34-36).

ഇപ്രാവശ്യം സദുക്കായരാണ് ചോദ്യകർത്താക്കൾ. സുവിശേഷത്തിൽ ഇവിടെ മാത്രമേ സദുക്കായർ പ്രത്യക്ഷപ്പെടുന്നുള്ളു. അവർ മരിച്ചവരുടെ ഉത്ഥാനത്തിൽ വിശ്വസിച്ചിരുന്നില്ല. യഹൂദപാരമ്പര്യത്തിൽ വിശ്വസിക്കാത്തവരും വിശുദ്ധ ലിഖിതങ്ങളിൽ പഞ്ചഗ്രന്ഥിമാത്രം സ്വീകരിച്ചിരുന്നവരുമാണ് സദുക്കായർ. ഈശോയുടെ പ്രബോധനവും പ്രവർത്തനവും ഉത്ഥാനകേന്ദ്രീകൃതമാണ്. തന്റെ മഹത്ത്വീകരണം അവിടുന്ന് ആവർത്തിച്ചു പഠിപ്പിച്ചിട്ടുള്ളതാണ് (മർക്കോ 8,31-38; 9,30-32; 10,32-34). ഈ പശ്ചാത്തലത്തിൽ ഉത്ഥാനവിശ്വാസം പൊള്ളയാണെന്നു പൊളിച്ചുകാട്ടാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു കെണിയാണ് സദുക്കായർ ഈശോയ്ക്ക് ഒരുക്കിയത്. പഴയനിയമത്തിലെ 'ലെവിരൈറ്റ് വിവാഹനിയമം' (നിയ 25,5) ആധാരമാക്കിയ ഒരു സാങ്കല്പികകഥ ആസ്പദമാക്കിയാണ് സദുക്കായർ ചോദ്യമുന്നയിച്ചത്. ശരീരത്തോടുകൂടിയ ഉയിർപ്പ് അസാദ്ധ്യമാണെന്നു കാണിക്കുന്ന കഥ! വിവാഹിതനായ ഒരുവൻ സന്താനമില്ലാതെ മരിച്ചാൽ മരിച്ചയാളിന്റെ ഭാര്യ വേറൊരു കുടുംബത്തിലെ അംഗമായിപ്പോകാതിരിക്കാൻ മരിച്ചവന്റെ സഹോദരൻ അവളെ സ്വീകരിച്ച് മരിച്ചവനുവേണ്ടി മക്കളെ ജനിപ്പിക്കണമെന്നാണ് ലെവിറൈറ്റ് നിയമത്തിന്റെ ചുരുക്കം. കുടുംബം നിലനിർത്തുക, കുടുംബസ്വത്ത് അന്യാധീന

പ്പെടുത്താതിരിക്കുക തുടങ്ങിയ താല്പര്യങ്ങളാണ് അതിന്റെ പിന്നിലുള്ളത്. ഏഴു സഹോദരന്മാരുടെ ഭാര്യയായിരിക്കാൻ ഇടവന്നവൾ ഉത്ഥാനത്തിൽ ആരുടെ ഭാര്യയായിരിക്കും എന്ന വിഷമപ്രശ്നമാണ് ഈശോയുടെ മുമ്പിൽ അവർ ഉന്നയിച്ചത്.

മരിച്ചവരുടെ ഉത്ഥാനത്തെ സ്ഥിരീകരിച്ചുകൊണ്ടും ഉത്ഥാനാവസ്ഥയുടെ പ്രത്യേകതകൾ എടുത്തുകാണിച്ചുകൊണ്ടുമുള്ള മറുപടിയാണ് ഈശോ അവർക്കു നല്കുന്നത്. മരണാനന്തരജീവിതത്തെയും ആ അവസ്ഥയിലുള്ള മനുഷ്യബന്ധത്തെയുംകുറിച്ചുള്ള അവരുടെ ധാരണ തെറ്റാണെന്ന് ഈശോ ചൂണ്ടിക്കാട്ടി. വിവാഹബന്ധവും മക്കളെ ജനിപ്പിക്കലും ഈലോകജീവിതത്തിന്റെ, മരണമുള്ള ജീവിതത്തിന്റെ പ്രത്യേകതയാണ്. ഉത്ഥാനജീവിതത്തിൽ മരണമില്ല. അതുകൊണ്ട് വിവാഹത്തിന് അവിടെ പ്രസക്തിയില്ല. ഉത്ഥാനജീവിതം മരണത്തിന്റെ മേഖലയ്ക്ക് അതീതമാണ്. ലാസറിനെ ഉയിർപ്പിച്ച സന്ദർഭത്തിൽ ഈശോ പറഞ്ഞ വാക്കുകൾ ഇതു വ്യക്തമാക്കുന്നുണ്ട്: "ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. അങ്ങനെ ജീവിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ ഒരിക്കലും മരിക്കുകയില്ല" (യോഹ 11,25-24). മരണാനന്തരജീവിതം ആത്മീയമാണ്. അത് നിത്യതയുടേതാണ്. ആത്മാവായ ദൈവത്തിന്റെ മക്കളുടേതുമാണ് (20,36). ദൈവത്തെ അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം എന്നു വിശേഷിപ്പിച്ചുകൊണ്ട് (20,37-38=പുറ 3,6) സദുക്കായർ വിശ്വസിക്കുന്ന പഞ്ചഗ്രന്ഥിയിൽത്തന്നെ അതിനു തെളിവുണ്ടെന്ന് ഈശോ പ്രഖ്യാപിക്കുന്നു. ക്രിസ്തീയജീവിതത്തിന്റെ അന്തഃസത്തയാണ് ഉത്ഥാനം. വിശ്വാസത്തിന്റെ ഈ അന്ത്യാത്മക മാനമാണ് ഈലോകജീവിതത്തെ ആരോഗ്യകരവും പ്രത്യാശാഭരിതവുമാക്കുന്നത്. പൗരസ്ത്യസഭകൾ മിശിഹായുടെ ഉത്ഥാനത്തിനു നല്കുന്ന പ്രാധാന്യവും ഇതാണു സൂചിപ്പിക്കുന്നത്. നമ്മുടെ സഭാപാരമ്പര്യത്തിൽ ഉത്ഥാനത്തിനുള്ള പ്രാധാന്യത്തിന്റെ പ്രതീകമാണ് മാർത്തോമ്മാസ്ലീവാ. നമ്മുടെ ആരാധനക്രമാഘോഷങ്ങൾ 'സകലത്തിന്റെയും നാഥാ' (ലാകുമാറാ) എന്ന സ്തോത്രഗീതത്തോടും മദ്ബഹായുടെ വിരിതുറക്കലോടുംകൂടി ആരംഭിക്കുന്നു എന്നതും ഉത്ഥാ



നത്തിലുള്ള വിശ്വാസത്തിന്റെ പ്രാധാന്യമാണു വ്യക്തമാക്കുന്നത്. ആരാധനക്രമാധിഷ്ഠിതമായ വിശ്വാസപരിശീലനം നല്കി ജനങ്ങളെ ഇക്കാര്യത്തിൽ പുരോഹിതർ ബോധവല്ക്കരിക്കണം.

**3. ഈശോയുടെ കർതൃത്വത്തിലുള്ള വിശ്വാസം**

"*അപ്പോൾ അവൻ അവരോടു ചോദിച്ചു: മിശിഹാ ദാവീദിന്റെ പുത്രനാണ് എന്നു പറയാൻ എങ്ങനെ കഴിയും? ദാവീദുതന്നെയും സങ്കീർത്തനപുസ്തകത്തിൽ പറയുന്നു: കർത്താവ് എന്റെ കർത്താവിനോടരുളിച്ചെയ്തു, ഞാൻ നിന്റെ ശത്രുക്കളെ നിനക്കു പാദപീഠമാക്കുവോളം നീ എന്റെ വലതുഭാഗത്തിരിക്കുക. ദാവീദ് അവനെ കർത്താവ് എന്നു വിളിക്കുന്നു. പിന്നെ എങ്ങനെയാണ് അവൻ ദാവീദിന്റെ പുത്രനാകുന്നത്?*" (20,41-44).

ഉത്ഥാനത്തെ ചോദ്യംചെയ്തവർക്ക് വ്യക്തമായ മറുപടി കൊടുത്തതിനുശേഷം, വരാനിരിക്കുന്ന മിശിഹായിൽ വിശ്വസിക്കുന്ന അവരോട് മിശിഹായുടെ കർതൃത്വത്തെപ്പറ്റി ഈശോ ചോദിക്കുന്നു. ഉത്ഥിതനായ മിശിഹാതന്നെയാണ് ഉത്ഥാനത്തിന്റെ സ്രോതസ്സ് എന്നതുകൊണ്ടായിരിക്കാം ഇപ്രകാരം ഈശോ അവരോടു ചോദിക്കുന്നത്. ദാവീദിന്റെ പുത്രനായ മിശിഹായാണല്ലോ യഹൂദരുടെ പ്രതീക്ഷയുടെ കേന്ദ്രബിന്ദു. മിശിഹായെ ദാവീദ് സങ്കീർത്തനങ്ങളിൽ "എന്റെ കർത്താവ്'' (സങ്കീ 110,1) എന്നു വിളിക്കുന്നു. ഉദ്ധരണിയിൽ 'കർത്താവ്' എന്നും 'എന്റെ കർത്താവ്' എന്നുമുണ്ട്. ആദ്യത്തെ 'കർത്താവ്' ദൈവമാണ്. 'എന്റെ കർത്താവ്' മിശിഹായാണ്. 'എന്റെ'യിലെ 'ഞാൻ' ദാവീദുമാണ്. മിശിഹാ ദാവീദിന്റെ പുത്രനെങ്കിൽ, എങ്ങനെയാണ് ദാവീദിന്റെ കർത്താവുമായിരിക്കുക? ഇവിടെ ചോദ്യത്തിന് ആരും മറുപടി പറയുന്നില്ല. പക്ഷേ പിന്നീടുണ്ടായ സംഭവങ്ങളിൽ ഈ ചോദ്യത്തിനു മറുപടി ലഭിക്കുന്നുണ്ട്. ദാവീദിന്റെ പുത്രനായ ഈശോ കേവലം ഭൗതികമിശിഹാ മാത്രമല്ല ഉത്ഥിതനായ കർത്താവുകൂടിയാണ്. ജറുസലേമിനെ സമീപിച്ചുകൊണ്ടിരുന്ന ഈശോയെ ജറീക്കോയിലെ അന്ധൻ "ദാവീദിന്റെ പുത്രാ" എന്നും (ലൂക്കാ 18,38-39) അവസാനം "കർത്താവേ" എന്നും (ലൂക്കാ 18,41) വിളിക്കുന്നു. ന്യായാധിപസംഘത്തിന്റെ മുന്നിൽ ചോദ്യം ചെയ്യപ്പെ

ട്ടപ്പോൾ ഈശോ, "ഇപ്പോൾ മുതൽ മനുഷ്യപുത്രൻ ദൈവശക്തിയുടെ വലതുവശത്ത് ഇരിക്കും" എന്നു പ്രഖ്യാപിച്ചു (ലൂക്കാ 22,69). പിന്നീട് ശ്ലീഹന്മാർ തങ്ങളുടെ സുവിശേഷപ്രഘോഷണത്തിൽ സങ്കീർത്തനം 110,1 ഉദ്ധരിച്ചുകൊണ്ട് ഈശോയെ ദൈവം "കർത്താവും മിശിഹായുമാക്കി ഉയർത്തി" എന്നു പ്രഖ്യാപിക്കുന്നു (നട 2,34-36). കർത്താവും മിശിഹായുമായി ഉയർത്തപ്പെട്ടവൻ മരിച്ചവരെ ഉയിർപ്പിക്കുന്നവനാണ്.

"ഈശോ കർത്താവാണ്" എന്നത് ആദിമസഭയുടെ വിശ്വാസപ്രമാണമായിരുന്നു. 'ശ്ലൈഹികവിശ്വാസപ്രമാണം', 'നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം' തുടങ്ങിയ വിശദമായ വിശ്വാസപ്രമാണങ്ങൾ രൂപംകൊള്ളുന്നതിനുമുമ്പ് സഭയുടെ വിശ്വാസപ്രമാണമായി കരുതപ്പെട്ടിരുന്നത് "ഈശോ കർത്താവാണ്" എന്ന പ്രഖ്യാപനമാണ്. കോറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനത്തിൽ വി. പൗലോസ്ശ്ലീഹാ പറയുന്നത് ഈ വിശ്വാസപ്രഖ്യാപനത്തെക്കുറിച്ചാണ്: "ഈശോ കർത്താവാണ് എന്നു പറയാൻ പരിശുദ്ധാത്മാവു മുഖേനയല്ലാതെ ആർക്കും സാധിക്കുകയില്ലെന്നും നിങ്ങൾ ഗ്രഹിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു" (1 കൊറി 12,3). മാമ്മോദീസായിലൂടെ പരിശുദ്ധാത്മാവിൽ ജനിച്ച്, സഭയുടെ വിശ്വാസജീവിതത്തിലേക്കു പ്രവേശിച്ചവരെക്കുറിച്ചാണ് ശ്ലീഹാ ഇവിടെ പരാമർശിക്കുന്നത്. ആദിമസഭയ്ക്കു നേരിടേണ്ടിവന്ന മതമർദ്ദനങ്ങളുടെ പശ്ചാത്തലം ഈ വിശ്വാസപ്രഖ്യാപനമായിരുന്നു. റോമൻ ചക്രവർത്തിയെ രാജാവും കർത്താവുമായി പ്രഖ്യാപിക്കുവാൻ നിർബന്ധിപ്പിക്കപ്പെട്ടപ്പോൾ ഈശോ മാത്രമാണ് കർത്താവ് എന്ന നിലപാട് ക്രൈസ്തവർ സ്വീകരിച്ചതാണ് മതമർദ്ദനത്തിനു കാരണമായത്. 'കർത്താവ്' എന്നു പറഞ്ഞാൽ 'കർതൃത്വം നടത്തുന്നവൻ' എന്നാണർത്ഥം. ഹൃദയങ്ങളെ ഈശോ ഭരിക്കുന്ന സ്ഥിതിവിശേഷം സംജാതമാകുമ്പോഴാണ് "ഈശോ കർത്താവാണ്" എന്ന വിശ്വാസപ്രഖ്യാപനം അർത്ഥവത്താകുന്നത്. മിശിഹായുടെ പൗരോഹിത്യത്തിൽ പങ്കുചേരുകയും സഭയിൽ മിശിഹായുടെ ശുശ്രൂഷ നിർവഹിക്കുകയും ചെയ്യുന്ന പുരോഹിതനിൽ ഈ വിശ്വാസപ്രഖ്യാപനം അന്വർത്ഥമാകണം. നമ്മുടെ ഹൃദയങ്ങളെ ഭരിക്കുന്നവനായി ഈശോ ജീവിതത്തിൽ കടന്നുവരണം. "എനിക്കു ജീവിതം മിശിഹായും മരണം നേട്ടവുമാണ്" (ഫിലി 1,21) എന്നു പറഞ്ഞ പൗലോസ്ശ്ലീഹായുടെ വാക്കുകൾ പുരോഹിതന് എന്നും പ്രചോദനമാകണം.



**4. സ്നേഹവും ശുശ്രൂഷയും**

*"സകല മനുഷ്യരും കേൾക്കെ അവൻ ശിഷ്യരോടു പറഞ്ഞു: നിയമജ്ഞരെ സൂക്ഷിച്ചുകൊള്ളുവിൻ. അവർ നീണ്ട മേലങ്കികൾ ധരിച്ചുനടക്കാനും പൊതുസ്ഥലങ്ങളിൽ അഭിവാദനങ്ങളും സിനഗോഗുകളിൽ പ്രമുഖസ്ഥാനങ്ങളും വിരുന്നുകളിൽ അഗ്രാസനങ്ങളും ലഭിക്കാനും ആഗ്രഹിക്കുന്നു. അവർ വിധവകളുടെ ഭവനങ്ങൾ വിഴുങ്ങുകയും ദീർഘമായി പ്രാർത്ഥിക്കുന്നതായി നടിക്കുകയും ചെയ്യുന്നു. അവർക്കു കൂടുതൽ കഠിനമായ ശിക്ഷാവിധി ലഭിക്കും"* (20,45-47).

"സകല മനുഷ്യരും കേൾക്കെ അവൻ ശിഷ്യരോടു പറഞ്ഞു" എന്ന ആമുഖത്തോടെയാണ് ഈ ഭാഗം ലൂക്കാസുവിശേഷകൻ അവതരിപ്പിക്കുന്നത്. 'നിയമജ്ഞരെ സൂക്ഷിച്ചുകൊള്ളുവിൻ' എന്ന മുന്നറിയിപ്പാണ് ശിഷ്യർക്കു നല്കുന്നത്. നിയമജ്ഞരിൽ ഫരിസേയരും സദുക്കായരുമുണ്ടായിരുന്നു. വിശുദ്ധഗ്രന്ഥം വായിക്കാനും വ്യാഖ്യാനിക്കാനും അധികാരം കിട്ടിയവരായിരുന്നു അവർ. ദൈവജനത്തിനു നേതൃത്വശുശ്രൂഷ ചെയ്യുവാൻ നിയോഗിക്കപ്പെട്ടവരുടെ കാപട്യത്തെ സൂക്ഷിക്കണമെന്നാണ് ഈശോ ഇവിടെ പറയുന്നത്. സകല മനുഷ്യരും കേൾക്കെ ശിഷ്യരോട് ഇക്കാര്യം പറയുന്നത് ഇവിടെ നല്കപ്പെടുന്ന സന്ദേശത്തിന്റെ പ്രാധാന്യം സൂചിപ്പിക്കുവാനാണ്. പുതിയ ദൈവജനത്തിനു നേതൃത്വശുശ്രൂഷ നിർവഹിക്കുവാൻ നിയുക്തരാണ് ശിഷ്യന്മാർ. പഴയനിയമദൈവജനത്തിനു നേതൃത്വശുശ്രൂഷ നിർവഹിച്ചവരുടെ ജീവിതത്തിലെ പിഴവുകളും പാളിച്ചകളും ശിഷ്യന്മാർക്കു മുന്നറിയിപ്പുകളാണ്. നിയമജ്ഞരുടെ വേഷവിധാനങ്ങളും, പൊതുസ്ഥലങ്ങളിൽ അഭിവാദ്യം തേടുന്നതും സാബത്തിലും വിരുന്നിലും പ്രമുഖസ്ഥാനം തേടുന്നതുമൊക്കെ അവരുടെ മാനുഷികമായ പ്രവണതകളുടെ പ്രകാശനങ്ങളാണ്. അതോടൊപ്പം പാവപ്പെട്ട വിധവകളുടെ സ്വത്തു ചൂഷണം ചെയ്യുന്നതിൽ അവരുടെ കാപട്യവും പ്രകടമായിരുന്നു. ഇത്തരം പ്രവണതകൾക്കെ

തിരേ ശിഷ്യന്മാർ ജാഗ്രത പുലർത്തണം. ഈശോയുടെ ശിഷ്യന്മാരും ശിഷ്യത്വത്തിൽ ജീവിക്കുന്ന പുരോഹിതരും മാനുഷികമായ ബല ഹീനതകൾ ഉള്ളവരാണ്. അവയ്ക്ക് അടിമപ്പെടാതെയും നിഷ്കള ങ്കമായും നേതൃത്വശുശ്രൂഷ നിർവഹിക്കുവാൻ അവർക്കു കഴിയണം.

സഭയിലെ നേതൃത്വശുശ്രൂഷ എപ്രകാരമായിരിക്കണം എന്ന് ഈശോ വ്യക്തമായി പഠിപ്പിക്കുന്ന ഒരു സന്ദർഭമാണ് സെബദീപു ത്രന്മാരുടെ അഭ്യർത്ഥനാരംഗം (മർക്കോ 10,35-45). അവർ ഈശോയെ സമീപിച്ച് അവിടുത്തെ മഹത്ത്വത്തിൽ അവരെ വലതുവശത്തും ഇട തുവശത്തും ഉപവിഷ്ടരാകാൻ അനുവദിക്കണം എന്നാവശ്യപ്പെട്ട പ്പോൾ ഈശോ ശിഷ്യർ എല്ലാവരോടുമായി പറഞ്ഞു: "വിജാതീയ രുടെ ഭരണകർത്താക്കൾ അവരുടെമേൽ യജമാനത്വം പുലർത്തു ന്നുവെന്നും അവരുടെ പ്രമാണികൾ അവരുടെമേൽ അധികാരം പ്രയോഗിക്കുന്നുവെന്നും നിങ്ങൾക്കറിയാമല്ലോ. എന്നാൽ നിങ്ങളുടെ ഇടയിൽ അങ്ങനെയാകരുത്. നിങ്ങളിൽ വലിയവനാകാൻ ആഗ്രഹി ക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനായിരിക്കണം. നിങ്ങളിൽ ഒന്നാ മനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും ദാസനുമായിരി ക്കണം" (മർക്കോ 10,42-44). 'യജമാനത്വം പുലർത്തുക' (കത്തകിരി യേയോ) 'അധികാരം പ്രയോഗിക്കുക' (കത്തെക്സുസിയാസ്സോ) എന്നീ രണ്ടു വാക്കുകളാണ് വിജാതീയരുടെ ഇടയിലുള്ള നേതൃത്വ ശുശ്രൂഷയ്ക്ക് ഉപയോഗിക്കുന്നത്. 'യജമാനത്വം പുലർത്തുക' എന്നു വച്ചാൽ ഭരണീയരുടെ സ്വാതന്ത്ര്യത്തെ മാനിക്കാതിരിക്കുക എന്നാണ് അർത്ഥമാക്കുന്നത്. 'അധികാരം പ്രയോഗിക്കുക' എന്നുവച്ചാൽ സ്വാർത്ഥപരമായ ലക്ഷ്യം നേടുക എന്നാണർത്ഥം. ഇവ രണ്ടും സഭാ ശുശ്രൂഷയിൽ ഉണ്ടാകുവാൻ പാടില്ല. 'ശുശ്രൂഷകൻ' (ദിയാക്കൊ നോസ്), 'ദാസൻ' (ദൂളോസ്) എന്നീ രണ്ടു വാക്കുകളാണ് സഭാശു ശ്രൂഷയ്ക്ക് ഉപയോഗിക്കുന്നത്. 'ശുശ്രൂഷകൻ' എന്നതുകൊണ്ട് സ്നേഹത്തോടെ ഭക്ഷണമേശയിൽ ശുശ്രൂഷ ചെയ്യുന്നവൻ എന്നാ ണർത്ഥമാക്കുന്നത്. 'ദാസൻ' എന്നുവച്ചാൽ 'സ്വന്തം ഹിതം ശുശ്രൂ ഷിക്കപ്പെടുന്നവരുടെ ഹിതത്തിനു വിധേയപ്പെടുത്തുന്നവൻ' എന്നാ ണ്. ഇപ്രകാരമുള്ള ശുശ്രൂഷയാണ് സഭാനേതൃത്വശുശ്രൂഷ നിർവ ഹിക്കുന്ന പുരോഹിതരിൽ ഉണ്ടായിരിക്കേണ്ടത്.



### 5. സമ്പൂർണ്ണ സമർപ്പണം

*"അവൻ പറഞ്ഞു: ദരിദ്രയായ ഈ വിധവ മറ്റെല്ലാവരെയും കാൾ കൂടുതൽ നിക്ഷേപിച്ചിരിക്കുന്നു എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. എന്തെന്നാൽ, അവരെല്ലാവരും തങ്ങളുടെ സമൃദ്ധിയിൽനിന്നു സംഭാവന ചെയ്തു. ഇവളാകട്ടെ തന്റെ ദാരിദ്ര്യ ത്തിൽനിന്ന്, ഉപജീവനത്തിനുള്ള വക മുഴുവനും നിക്ഷേപിച്ചിരി ക്കുന്നു"* (21,3-4).

ഈശോ ദൈവാലയത്തിൽ നേർച്ചപ്പെട്ടികളുടെ സമീപത്ത് ഇരിക്കുകയായിരുന്നു. ദൈവാലയത്തിൽ സ്ത്രീകളുടെ കോർട്ടിനു സമീപത്താണ് നേർച്ചപ്പെട്ടികൾ വച്ചിരുന്നത്. ധനികർ ഉദാരമായി നേർച്ചയിടുന്നതും വിധവ രണ്ടു ചെമ്പുതുട്ടുകൾ ഇടുന്നതും ഈശോ കണ്ടു (21,1-2). അപ്പോൾ ഈശോ പറഞ്ഞ വാക്കുകളാണിവ. രണ്ടു ചെമ്പുതുട്ടുകൾ മാത്രം നേർച്ചയായി ഇട്ട വിധവ മറ്റെല്ലാവരെയും കാൾ കൂടുതൽ നിക്ഷേപിച്ചിരിക്കുന്നു എന്ന് ഈശോ പറഞ്ഞത് ആധികാരികതയോടെയാണ്. "സത്യം സത്യമായി" എന്നുള്ള ആമുഖം ഈ ആധികാരികതയുടെ സൂചനയാണ്. മറ്റുള്ളവരെല്ലാം തങ്ങളുടെ സമൃദ്ധിയിൽനിന്ന് പ്രയാസംകൂടാതെ മിച്ചം വയ്ക്കാൻ കഴിഞ്ഞതാണ് നേർച്ചയായി നല്കിയത്. വിധവയുടേത് സ്വയം മറ ന്നുള്ള ദാനമായിരുന്നു. അവളുടെ ജീവനാംശമായതെല്ലാം അവൾ സമർപ്പിച്ചു. അത് മറ്റുള്ളവരുടെ കനത്ത സംഭാവനയെക്കാൾ ഉത്കൃ ഷ്ടമാണ്. കാരണം, അത് സമ്പൂർണമായ സമർപ്പണമാണ്. ജീവി തംമുഴുവൻ ദൈവത്തിന്റെ കരങ്ങളിൽ സമർപ്പിച്ചുകൊണ്ടുള്ള സമർപ്പണം! ലൂക്കാ 12,22-31 ൽ ദൈവപരിപാലനയിലുള്ള ആശ്രയ ത്തെപ്പറ്റി ഈശോ പറയുന്ന വാക്കുകൾ അന്വർത്ഥമാകുന്ന സമർപ്പ ണമാണ് അവൾ നടത്തിയത്.

ശിഷ്യരിൽനിന്നും ഈശോ പ്രതീക്ഷിക്കുന്നത് ഇപ്രകാരമുള്ള സമ്പൂർണ്ണ സമർപ്പണമാണ്. ആദിമസഭയിൽ സഭാംഗങ്ങൾക്കുണ്ടാ യിരുന്നത് ഇപ്രകാരമുള്ള സമ്പൂർണ്ണ സമർപ്പണമാണ്: "വിശ്വസിച്ച വർ എല്ലാവരും ഒറ്റ സമൂഹമാകുകയും തങ്ങൾക്കുണ്ടായിരുന്ന തെല്ലാം പൊതുവായി കരുതുകയും ചെയ്തു. അവർ തങ്ങളുടെ

സ്വത്തുക്കളും വസ്തുവകകളും വിറ്റ് ആവശ്യാനുസരണം എല്ലാവർക്കുമായി വീതിച്ചു" (നട 2, 44-45); "വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവുമായിരുന്നു. ആരും തങ്ങളുടെ വസ്തുക്കൾ സ്വന്തമെന്ന് അവകാശപ്പെട്ടില്ല. എല്ലാം പൊതുസ്വത്തായിരുന്നു" (നട 4,32). അനനിയാസിന്റെയും സപ്പീറായുടെയും സംഭവവും (നട 5,1-11) സഭയിലുണ്ടാകേണ്ട ഈ സമ്പൂർണ്ണ സമർപ്പണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നതാണ്. ഇതു സാദ്ധ്യമാകണമെങ്കിൽ യഥാർത്ഥമായ ദാരിദ്ര്യചൈതന്യം സഭാംഗങ്ങൾക്ക് ഉണ്ടാവണം. ഈശോ ശിഷ്യരുടെ നേരെ കണ്ണുകളുയർത്തി, "ദരിദ്രരേ നിങ്ങൾ ഭാഗ്യവാന്മാർ, ദൈവരാജ്യം നിങ്ങളുടേതാണ്" (ലൂക്കാ 6,20) എന്നും "ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ; സ്വർഗരാജ്യം അവരുടേതാണ്" (മത്താ 5,3) എന്നും അരുളിച്ചെയ്തത് സഭയിൽ ഉണ്ടായിരിക്കേണ്ട ദാരിദ്ര്യചൈതന്യത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നതാണ്. സഭാംഗങ്ങൾക്ക് ഈ ചൈതന്യമുണ്ടായിരിക്കണമെങ്കിൽ സഭാശുശ്രൂഷികളായ പുരോഹിതർ എത്രമാത്രം ദാരിദ്ര്യചൈതന്യം ജീവിക്കണം? പുരോഹിതന്റെ ദാരിദ്ര്യചൈതന്യം താൻ ശുശ്രൂഷ ചെയ്യുന്ന ജനങ്ങൾക്ക് വലിയ സാക്ഷ്യമായിത്തീരും; അവരുടെ ശ്രദ്ധയെ ദൈവത്തിലേക്കു തിരിക്കുവാൻ ഇടവരുത്തുകയും ചെയ്യും.

**ജീവിതസൂചിക**

1. ദൈവത്തിനും രാഷ്ട്രത്തിനും നല്കേണ്ടതു നല്കുന്ന ഉത്തരവാദിത്വപൂർണമായ ജീവിതമാണോ ഞാൻ നയിക്കുന്നത്?
2. ഉത്ഥാനത്തിലുള്ള വിശ്വാസം എന്റെ ജീവിതത്തെ എപ്രകാരം സ്വാധീനിക്കുന്നു?
3. ഈശോയെ കർത്താവായി ഏറ്റുപറയുന്ന വിശ്വാസം എന്റെ ജീവിതത്തിൽ എപ്രകാരമാണ് പ്രതിഫലിക്കുന്നത്?
4. ശുശ്രൂഷകനും ദാസനുമായി സ്വയം വെളിപ്പെടുത്തിയ ഈശോ ശുശ്രൂഷാജീവിതത്തിൽ എന്നെ എങ്ങനെ പ്രചോദിപ്പിക്കുന്നു?
5. എന്റെ ജീവിതത്തിലും സഭാസമൂഹത്തിലും ദാരിദ്ര്യചൈതന്യം നിലനിർത്താൻ ഞാൻ എങ്ങനെ പരിശ്രമിക്കണം?



## ക്രിസ്തുജ്യോതി വിശ്വാസപരിശീലന കേന്ദ്രം

CJ. 57/15 **ലോഗോസ് ക്വിസ് 2015**

ലോഗോസ് ക്വിസ് 2015 രൂപതതല പരീക്ഷ സെപ്റ്റംബർ 27 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെയാണ്. ഓരോ ഇടവകയും പരീക്ഷ കേന്ദ്രങ്ങളായിരിക്കും. ചോദ്യപേപ്പറുകളും ഉത്തരപേപ്പറുകളും സെപ്റ്റംബർ 26-ാം തിയതി അതാതു വിതരണകേന്ദ്രങ്ങളിൽ നിന്നു കൈപ്പറ്റേണ്ടതാണ്. വിതരണ കേന്ദ്രങ്ങൾ - ചുരുളി, അടിമാലി ആത്മജ്യോതി, രാജാക്കാട്, എല്ലക്കൽ, ചെമ്മണ്ണാർ, നെടുംകണ്ടം, ഇരട്ടയാർ, വെള്ളയാംകുടി, ഇടുക്കി, ബിഷപ്പ്സ് ഹൗസ്, മുരിക്കാശ്ശേരി (രാജപുരം, രാജമുടി, പെരിഞ്ചാംകുട്ടി, ജോസ്പുരം, വാത്തിക്കുടി, തോപ്രാംകുടി, ഉദയഗിരി എന്നി ഇടവകകളുടെ ചോദ്യപേപ്പറുകൾ) പരീക്ഷയ്ക്കു ശേഷം സെപ്റ്റംബർ 28-ാം തിയതി 6.00 p.m. നു മുമ്പായി ഉത്തര പേപ്പറുകളും രജി. ഷീറ്റും അതാതു വിതരണകേന്ദ്രങ്ങളിലോ ക്രസ്തുജ്യോതി ഓഫീസിലോ എത്തിക്കേണ്ടതാണ്. ഉത്തര പേപ്പറുകൾ രജി. ഷീറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ ഗ്രൂപ്പ് തിരിച്ച് അക്ഷരമാല ക്രമത്തിൽ അടുക്കി നൽകണമെന്ന് പ്രത്യേകം ഓർമിപ്പിക്കുന്നു. പരീക്ഷ എഴുതുന്നവർക്കുള്ള ഹാൾ ടിക്കറ്റ് നെറ്റിൽ നിന്ന് മുൻകൂട്ടി എടുക്കേണ്ടതാണ്. ലോഗോസ് ക്വിസിന്റെ സൈറ്റിൽ പഠന സഹായി 2015 എന്ന Option ൽ മോഡൽ Qustions തയ്യാറാക്കി ഇട്ടിട്ടുണ്ട്. ആവശ്യമുള്ളവർക്ക് അത് ഉപയോഗിക്കാനാകും.

CJ/58/14 **SMCC - യുടെ 12-ാം ക്ലാസ് പ്രതിഭയെ തിരഞ്ഞെടുക്കൽ**

SMCC യുടെ 12-ാം ക്ലാസ് പ്രതിഭയെ തിരഞ്ഞെടുക്കലിന്റെ ആദ്യപടിയായ ഇടവകതല തിരഞ്ഞെടുപ്പ് അതാതു ഇടവകകളിൽ

സെപ്റ്റംബർ മാസത്തിൽ തന്നെ നടത്തി സെപ്റ്റംബർ 30 ന് മുമ്പായി തിരഞ്ഞെടുക്കപ്പെടുന്ന 2 ആൺകുട്ടികളുടെയും 2 പെൺകുട്ടികളുടെയും പേരു വിവരങ്ങൾ അതാതു ഫൊറോന കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

## CJ. 59/15 SMCC ഫൊറോന തല തിരഞ്ഞെടുപ്പ്

ഇടവകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന +2 വിദ്യാർത്ഥികളടെ ഫൊറോന തല തിരഞ്ഞെടുപ്പ് ഒക്ടോബർ 2-ാം തീയതി വെള്ളിയാഴ്ച അതാതു ഫൊറോനകളിൽ നടക്കും. രാവിലെ 10.00 a.m. ന് ആരംഭിച്ച് 3.30 p.m. ന് ക്യാമ്പ് അവസാനിക്കും. ഇടവകയെ പ്രതിനിധീകരിച്ച് മികച്ച 2 ആൺകുട്ടികളെയും 2 പെൺകുട്ടികളേയും ഈ സെമിനാറിൽ പങ്കെടിപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. രജി. ഫീസ് ഒരു ഇടവകയ്ക്ക് 200 രൂപയാണ്. ഉച്ചഭക്ഷണം കുട്ടികൾക്ക് കൊടുക്കുന്നതായിരിക്കും. വെള്ളത്തൂവൽ ഫൊറോന പള്ളിയിൽ SMCC ക്യാമ്പ് ഇല്ല. വെള്ളത്തൂവൽ ഫൊറോനയിലെ കല്ലാർകുട്ടി, കുത്തുപാറ, ചെല്ലിയാംപാറ ഇടവകളിലെ കുട്ടികൾ കൂമ്പൻപാറയിലെ കുട്ടികൾക്കൊപ്പം കൂമ്പൻപാറയിലും ബാക്കി ഇടവകയിലെ കുട്ടികൾ രാജാക്കാടുമാണ് പങ്കെടുക്കേണ്ടത്.

## CJ. 60/15 ഒന്നാം ടേം പരീക്ഷ

സൺഡേ സ്കൂൾ കുട്ടികൾക്കായുള്ള ഒന്നാം ടേം പരീക്ഷ ഒക്ടോബർ 4-ാം തീയതിയാണ് നടക്കുക. ചോദ്യപേപ്പറുകൾ ഒക്ടോബർ 3-ാം തീയതി അതാതു കളക്ഷൻ സെന്ററുകളിൽനിന്നും വാങ്ങേണ്ടതാണ്. ഉത്തര പേപ്പറുകൾ ഇടവകയിൽതന്നെ മൂല്യനിർണ്ണയം നടത്തേണ്ടതാണ്.

## CJ. 61/15 സൺഡേ സ്കൂൾ ടൈംസ്

വിശ്വാസ പരിശീലകരുടെ "സൺഡേ സ്കൂൾ ടൈംസ്" പത്രം രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന തിയതി ഒക്ടോബർ 26 ആണ്. (വിശദ വിവരങ്ങൾക്ക് ഫയൽ നോക്കുക)

## CJ. 62/15 മതാദ്ധ്യാപക കൺവെൻഷൻ

നമ്മുടെ രൂപതയിലെ എല്ലാ മതാദ്ധ്യാപകരെയും പങ്കെടുപ്പിച്ചുകൊണ്ട് രൂപതയിലെ 5 കേന്ദ്രങ്ങളിൽ റീജിയണൽ കൺവെൻഷൻ ക്രമീകരിച്ചിരിക്കുന്നു. പ്രസ്തുത കൺവെൻഷനിൽ എല്ലാ മതാദ്ധ്യാപകരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഞായറാഴ്ച റീജിയണൽ കൺവെൻഷൻ നടക്കുന്ന റിജിയണുകളിൽ അന്നേദിവസം വേദപാഠ ക്ലാസുകൾക്ക് അവധി കൊടുക്കുകയോ അല്ലെങ്കിൽ കുട്ടികൾക്കായി മറ്റെന്തെങ്കിലും സെമിനാറുകൾ സംഘടിപ്പിക്കുകയോ ചെയ്യാവുന്നതാണ്. രാവിലെ 9.15 ന് വി. കുർബാനയോടെ ആരംഭിക്കുന്ന കൺവെൻഷൻ ഉച്ചകഴിഞ്ഞ് 3.30 ന് സമാപിക്കും. രജി. ഫീസ് 50 രൂപായാണ് ഓരോ റിജിയണിലും പങ്കെടുക്കുന്ന അദ്ധ്യാപകരുടെ എണ്ണം ക്രിസ്തുജ്യോതി ഓഫീസിൽ മുൻകൂട്ടി അറിയിക്കുമല്ലോ. ക്ലാസുകൾ നയിക്കുന്നത് റവ. ഡോ. വിൻസെന്റ് കുണ്ടുകുളം ആണ്.

### റീജീയണൽ കൺവെൻഷൻ

| സ്ഥലം | തിയതി | ഫൊറോനകൾ |
|---|---|---|
| അടിമാലി | ഒക്ടോബർ 2 | കൂമ്പൻപാറ, പാറത്തോട് |
| രാജാക്കാട് | ഒക്ടോബർ 10 | രാജാക്കാട്, വെള്ളത്തുവൽ |
| നെടുംകണ്ടം | ഒക്ടോബർ 11 | നെടുംകണ്ടം |
| ഇരട്ടയാർ | ഒക്ടോബർ 24 | വെള്ളയാംകുടി, ഇരട്ടയാർ, തങ്കമണി |
| വാഴത്തോപ്പ് | ഒക്ടോബർ 25 | വാഴത്തോപ്പ്, ചുരുളി |

## CJ. 63/15 കുടുംബ ജ്യോതി - ദമ്പതി സംഗമം 2015

ഇടവകയിലെ എല്ലാ ദമ്പതിമാർക്കുമായി ക്രിസ്തുജ്യോതി ഒരുക്കുന്ന ദമ്പതി സംഗമം എല്ലാ ഇടവകളിലും വിജയകരമായി നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. റിസോഴ്സ് ടീമിൽപ്പെട്ട രണ്ടുപേരുടെ പേരുകൾകൂടി ചേർക്കുന്നു.

വിജ കൊച്ചുപുര, ചെമ്മണ്ണാർ : Ph. 9446609377
ഫാ. ജോസഫ് കൊല്ലംകൊമ്പിൽ : Ph. 9446837178

## CJ. 64/15 സൺഡേസ്കൂൾ ആനിമേറ്റേഴ്സ് കോൺഫറൻസ്

"ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനു" മായി വന്ന യേശുവിന്റ തിരുഹിതത്തിന് ശുശ്രൂഷ ചെയ്യുവാൻ, വിശ്വാസപരശീലകർക്കുള്ള പ്രത്യേക വിളിയും ദൗത്യവും ഈ കാല

ഘട്ടത്തിൽ തിരിച്ചറിയുവാനും ഒരുമയോടെ കർമ്മ നിരതരാകുവാനുമായി 2015 സെപ്റ്റംബർ 24-വ്യാഴാഴ്ച വാഴത്തോപ്പിൽ സൺഡേസ്കൂൾ ആനിമേറ്റേഴ്സ് കോൺഫറൻസ് ഒരുക്കിയിരിക്കുന്നു. കെ.സി.ബി.സി. ഫാമിലി കമ്മീഷന്റെ അഖിലകേരള പ്രൊ-ലൈഫ് സമിതിയുടെ മുൻ സെക്രട്ടറി ശ്രീ യുഗേഷ് തോമസ് പുളിക്കൻ നയിക്കുന്ന ക്ലാസും സൺഡേസ്കൂൾ ആനിമേഷനുമാണ് ഈ കോൺഫറൻസിൽ ക്രമീകരിച്ചിരിക്കുന്നത്. ഹെഡ്മാസ്റ്റർ, സ്റ്റാഫ് സെക്രട്ടറി രണ്ട് സൺഡേസ്കൂൾ ആനിമേറ്റേഴ്സ് (മതാധ്യാപക ധ്യാനം സംബന്ധിച്ചവരാണെങ്കിൽ കൂടുതൽ നല്ലത്) എന്നിവരാണ് പങ്കെടുക്കേണ്ടത്. 9.00 മണിക്ക് വി. കുർബാനയോടെ ആരംഭിച്ച് 3.00 pm ന് സമാപിക്കും. രജി. ഫീസ് ഒരാൾക്ക് 50 രൂപ. (ബഹു. വികാരിയച്ചന്റെ കത്തുമായി വരുന്ന ചുമതലപ്പട്ടവരുടെ കൈവശം അന്നേ ദിവസം ലോഗോസ് ക്വിസ് ക്വസ്റ്റ്യൻ പേപ്പർ തന്നുവിടുന്നതായിരിക്കും).

## CORPORATE EDUCATIONAL AGENCY, IDUKKI

**Edn.33/15 വേദപാഠം/സന്മാർഗ്ഗശാസ്ത്രം പരീക്ഷ**

വേദപാഠം, സന്മാർഗ്ഗശാസ്ത്രം ഒന്നാം ടേം പരീക്ഷ 2015 സെപ്റ്റംബർ 16 ന് നടത്തുന്നതാണ്. ടൈംടേബിൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**Edn.34/15 പി.ടി.എ., എം.പി.ടി.എ. സെമിനാർ**

നമ്മുടെ സ്കൂളുകളിലെ പി.ടി.എ., എം.പി.ടി.എ. പ്രസിഡന്റുമാർക്കുള്ള സെമിനാർ സെപ്റ്റംബർ മാസം 12-ാം തീയതി ശനിയാഴ്ച രാവിലെ 10.30 ന് വാഴത്തോപ്പിൽ നടത്തപ്പെടുന്നു. എല്ലാ പി.ടി.എ, എം.പി.ടി.എ പ്രസിഡന്റുമാരെയും പങ്കെടുപ്പിക്കുവാൻ പ്രഥമാദ്ധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്.



**Edn.35/15 അനദ്ധ്യാപക സെമിനാർ**

നമ്മുടെ സ്കൂളുകളിലെ അനദ്ധ്യാപകരുടെ സെമിനാർ സെപ്റ്റംബർ 24-ാം തിയതി 10.30ന് വാഴത്തോപ്പിൽ നടത്തപ്പെടുന്നു. എല്ലാ അനദ്ധ്യാപകരെയും ഈ സെമിനാറിൽ പങ്കെടുപ്പിക്കുവാൻ പ്രഥമാദ്ധ്യാപകർ ശ്രദ്ധിക്കുമല്ലോ.

**Edn.36/15 Success Mind - Screening Test**

Success mind പരിശീലന ക്ലാസ്സുകളിൽ പങ്കെടുക്കുവാൻ ആഗ്രഹുക്കുന്ന, 8-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കായുള്ള Screening test 04-09-2015 വെള്ളിയാഴ്ച അതാതു സ്കൂളുകളിൽ വച്ച് നടത്തുന്നതാണ്. പഠനത്തിൽ മികവു പുലർത്തുന്ന കുട്ടികളെ ഈ test ൽ പങ്കെടുപ്പിക്കുവാൻ പ്രഥമാദ്ധ്യാപകർ ശ്രദ്ധിക്കുമല്ലോ.

## സോഷ്യൽ സർവീസസ്

**SS 54/15 ബ്യൂട്ടീഷൻ കോഴ്സ്**

എച്ച്.ഡി.എസ്സിന്റെ നേതൃത്വത്തിൽ നെടുംകണ്ടത്ത് നടപ്പിലാക്കുന്ന സ്പെഡ് ത്രീ പ്രോഗ്രാമിന്റെ ഭാഗമായി മൂന്നുമാസം നീണ്ടുനിന്ന ബ്യൂട്ടിഷൻ കോഴ്സിന്റെ സമാപനവും സർട്ടിഫിക്കറ്റ് വിതരണവും ആഗസ്റ്റ് മാസം പത്താം തിയതി നെടുംകണ്ടം സെന്റ് സെബാസ്റ്റ്യൻസ് പാരീഷ് ഹാളിൽ വച്ച് എച്ച്.ഡി.എസ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ നിർവഹിച്ചു. 30 വനിതകൾ പരിശീലനം പൂർത്തിയാക്കി.

**SS 55/15 തയ്യൽ പരിശീലനം**

എച്ച്.ഡി.എസ്സിന്റെ നേതൃത്വത്തിൽ നെടുംകണ്ടത്ത് നടപ്പിലാക്കുന്ന സ്പെഡ് ത്രീ പ്രോഗ്രാമിന്റെ ഭാഗമായി ഒരു മാസം നീണ്ടു

നിന്ന തയ്യൽ പരിശീലന പരിപാടിയിൽ 30 വനിതകൾ പരിശീലനം പൂർത്തിയാക്കി. ആഗസ്റ്റ് മാസം പത്താം തിയതി നെടുംകണ്ടം സെന്റ് സെബാസ്റ്റ്യൻസ് പാരീഷ് ഹാളിൽ വച്ച് എച്ച്.ഡി.എസ് ഡയറക്ടർ റവ. ഫാ സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

**SS 56/15 കോഴിക്കുഞ്ഞ് വിതരണം**

എച്ച്.ഡി.എസ്സിന്റെ നേതൃത്വത്തിൽ ഗുണമേന്മയുള്ള 416 മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ചുരുളി, കരിമ്പൻ, ആന്റോപുരം, മുരിക്കാശ്ശേരി, കാഞ്ചിയാർ എന്നീ യൂണിറ്റുകളിലായി വിതരണം ചെയ്തു.

**SS 57/15 സൗരോർജ്ജ വിളക്ക് വിതരണം**

മറയൂർ കൂടയ്ക്കാട്ടുകുടി മേഖലയിൽ 9 ആദിവാസി കുടിയിലെ 416 കുടുംബങ്ങളുടെ സമഗ്രപുരോഗതി ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന ഹരിത സമൃദ്ധിയുടെ ഭാഗമായി 100 ആദിവാസി കുടുംബങ്ങൾക്ക് 3900 രൂപാ വില വരുന്ന സൗരോർജ്ജ വിളക്കുകൾ നബാർഡ് ജില്ലാ വികസന മാനേജർ ശ്രീ. അശോക് കുമാർ നായർ വിതരണം ചെയ്തു. എച്ച്.ഡി.എസ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ, റവ. ഫാ. മാത്യു അരയത്തിനാൽ, പ്രോഗ്രാം കോർഡിനേറ്റർ ശ്രീ. സിബി തോമസ്, ഫീൽഡ് ഓഫീസർ ശ്രീ. മെൽബിൻ സെബാസ്റ്റ്യൻ, സി. സ്നേഹ തോമസ് എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

**SS 58/15 യൂണിറ്റ് വാർഷികം**

ജോസ്പുരം യൂണിറ്റ് വാർഷികം ആഗസ്റ്റ് മാസം ഒന്നാം തീയതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് യൂണിറ്റ് രക്ഷാധികാരി റവ. ഫാ. ജെയിംസ് പാലയ്ക്കാമറ്റത്തിന്റെ അദ്ധ്യക്ഷതയിൽ നടന്നു. എച്ച്.ഡി.എസ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ ഉദ്ഘാടനം ചെയ്ത മീറ്റിംഗിൽ ക്രെഡിറ്റ് യൂണിയൻ രൂപതാ സെക്രട്ടറി ശ്രീ. സിബി മാളിയേക്കൽ മുഖ്യപ്രഭാഷണം നടത്തി. ആനിമേറ്റർ ശ്രീമതി കുഞ്ഞമ്മ തോമസ്, യൂണിറ്റ് ഭാരവാഹികൾ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.



**SS 59/15 ഷാർജാ സഹായ പദ്ധതി**

ഷാർജയിൽ പ്രവർത്തിക്കുന്ന മലയാളി പാരിഷ് കമ്മറ്റി അംഗങ്ങൾ 2,45,000 രൂപ ഇടുക്കി രൂപതയിലെ 19 കുടുംബങ്ങൾക്ക് ചികിത്സയ്ക്കായി നൽകി. ചെക്കുകൾ എച്ച്.ഡി.എസ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ വിതരണം ചെയ്തു.

**SS 60/15 ജൈവ കർഷക അവാർഡ്**

ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി ഏർപ്പെടുത്തുന്ന മികച്ച ജൈവ കർഷകനുള്ള ഡോ. ജോർജ്ജ് എബ്രാഹം മെമ്മോറിയൽ കർഷക തിലക് അവാർഡിന് പടമുഖം സ്വദേശി ശ്രീ. സിബിച്ചൻ ചക്കാംകുന്നേലിനെ തിരഞ്ഞെടുത്തു. അവാർഡുജേതാവിന് പ്രശസ്തി ഫലകവും 5001 രൂപാ ക്യാഷ് അവാർഡും ലഭിക്കും.

സോസൈറ്റിയുടെ കീഴിൽ ജൈവകൃഷി പ്രോത്സാഹനത്തിന് നേതൃത്വം നൽകിയിരുന്ന ഡോ. ജോർജ്ജ് എബ്രാഹം തോണിക്കുഴിക്കുന്നേലിന്റെ സ്മരണയ്ക്കായി എല്ലാ വർഷവും മികച്ച ജൈവ കർഷകരെ തിരഞ്ഞെടുത്ത് ആദരിക്കുന്നതിനാണ് ഈ അവാർഡ് ഏർപ്പെടുത്തിയിരിക്കുന്നത്. പ്രഥമ കർഷക തിലക് അവാർഡു ജേതാവായ മാത്യു കുഞ്ചിറക്കാട്ട് സംസ്ഥാന ജൈവ കർഷക അവാർഡിനും അർഹനായിരുന്നു.

**SS 61/15 ആശാകിരണം - ക്യാൻസറിന് എതിരെ ജാഗ്രത**

ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റിയുടെ ഭാഗമായി പ്രവർത്തിക്കുന്ന ഇടുക്കി ദുരന്ത നിവാരണ സേന (IDRT) യുടെ നേതൃത്വത്തിൽ ''ആശാകിരണം'' എന്ന പേരിൽ ക്യാൻസറിന് എതിരെ ഒരു ചെറുത്തുനിൽപ്പിന് ആരംഭം കുറിയ്ക്കുകയാണ്. ഇതിന്റെ ഭാഗമായി രൂപതയിലെ വിവിധ സംഘടനാ ഡയറക്ടർമാരുടേയും സന്യാസ സമൂഹങ്ങളുടെ പ്രതിനിധികളുടേയും ഒരു ആലോചനായോഗം ആഗസ്റ്റ് ഒന്ന് ശനിയാഴ്ച രാവിലെ 10 മണിക്ക് കരിമ്പൻ ബിഷപ്സ് ഹൗസിൽ ചേർന്നു. ഈ വലിയ വിപത്തിനെതിരെ ഇടവകകൾ കേന്ദ്രീകരിച്ചും സ്കൂളുകൾ കേന്ദ്രീകരിച്ചും വിപു

ലമായ ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിന് തീരുമാനിച്ചു. നിർധനരായ ക്യാൻസർരോഗികൾക്ക് സാമ്പത്തിക സഹായം നൽകുക, സർക്കാർ ആനുകൂല്യങ്ങൾ ലഭ്യമാക്കുക ഇവയെല്ലാം ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

## തിരുബാലസഖ്യം

HC 11/15 **തിരുവോണാശംസകൾ**

എല്ലാ തിരുബാലസഖ്യ കൂട്ടുകാർക്കും പൊന്നിൻ തിരുവോണത്തിന്റെ ആശംസകൾ.

HC 12/15 **അഭിനന്ദനങ്ങളും ഹൃദ്യമായ നന്ദിയും**

ആഗസ്റ്റ് മാസത്തിൽ വാഴത്തോപ്പ്, നെടുംകണ്ടം, ഇരട്ടയാർ എന്നീ ഫൊറോനകളിലായി നടത്തിയ പൊന്തിഫിക്കൽ തിരുബാലസഖ്യത്തിന്റെ റാലി മത്സരത്തിലും, കൈയ്യെഴുത്തു മാസിക മത്സരത്തിലും പങ്കെടുത്ത് വിജയികളായ എല്ലാവർക്കും ഹൃദ്യമായ അനുമോദനങ്ങൾ. റാലിയിൽ പങ്കെടുത്ത് സഹകരിച്ച എല്ലാ ശാഖക്കാർക്കും അതിനു നേതൃത്വം നൽകിയ ബഹു. ഡയറക്ടർ അച്ചന്മാർക്കും മോഡറേറ്റർ സിസ്റ്റേഴ്സിനും, മറ്റ് അധ്യാപകന്മാർക്കും മാതാപിതാക്കൾക്കും കുട്ടികൾക്കും പ്രത്യേകം നന്ദി അറിയിക്കുന്നു. മത്സരഫലം പിന്നിട് അറിയിക്കുന്നതാണ്.

HC 13/15 **മേഖലാ കലോത്സവം**

സെപ്റ്റംബർ 24-ന് ഓരോ ഫൊറോനകളിലും നടത്തുന്ന മേഖലാ കലോത്സവത്തിൽ പങ്കെടുക്കാനുള്ള കുട്ടികളുടെ ലിസ്റ്റ് അതാതു മേഖല ഡയറക്ടറിനെ അല്ലങ്കിൽ മോഡറേറ്ററിനെ - സെപ്റ്റംബർ 15 ന് മുമ്പായി ഏല്പ്പിക്കാൻ ശ്രദ്ധിക്കുമല്ലോ.



ക്വിസ് മത്സരത്തിനുള്ള, വിശുദ്ധരുടെ ചിത്രകഥകൾ, ചാവരുളുകൾ എന്നിവ തിരുബാലസഖ്യം ഓഫീസിൽ ലഭ്യമാണ്. മാർഗ്ഗരേഖ കിട്ടാത്തവർക്കും ഓഫിസിൽ നിന്ന് വാങ്ങാവുന്നതാണ്.

HC 14/15 **കയ്യെഴുത്തു മാസിക മത്സര തിയതികൾ**

സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ നടത്തുന്ന റാലി കയ്യെഴുത്തു മാസിക മത്സര തിയതികൾ:

| | |
|---|---|
| സെപ്റ്റംബർ 05 - വെള്ളയാംകുടി | സെപ്റ്റംബർ 12 - രാജാക്കാട് |
| സെപ്റ്റംബർ 21 - കൂമ്പൻപാറ | ഒക്ടോബർ 10 - തങ്കമണി |
| ഒക്ടോബർ 22 - പാറത്തോട് | ഒക്ടോബർ 23 - ചുരുളി |
| ഒക്ടോബർ 24 - വെള്ളത്തൂവൽ | |

## ചെറുപുഷ്പ മിഷൻലീഗ്

CML 48/15 **ഓർമ്മിക്കാൻ**

**സെപ്റ്റംബർ 2015**

01 ചൊവ്വ : എട്ടുനോമ്പ് ആരംഭം, പ്രേഷിത പ്രവർത്തനങ്ങളുടെ വിജയത്തിനുവേണ്ടി മിഷൻലീഗ് അംഗങ്ങൾ എട്ടുനോമ്പ് ആചരിക്കുക.

05 ശനി : വാ. മദർതെരേസായുടെ ചരമ വാർഷികം, അധ്യാപകദിനം, അധ്യാപകരെ സമർപ്പിച്ച് പ്രാർത്ഥന നടത്തുക, രൂപതാ എക്സിക്യൂട്ടീവ്.

06 ഞായർ : റവ. ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണവും, പ്രാർത്ഥനയും, ശാഖാതലത്തിൽ അസാധാരണ സമ്മേളനം, പൊതുദിവ്യകാരുണ്യസ്വീകരണം, ശാഖാ സന്ദർശനം.

08 ചൊവ്വ : മാതാവിന്റെ പിറവി തിരുനാൾ.
മാതൃദിനം, ഇടവകയിലെ അമ്മമാരെ ആദരിക്കൽ.

09 ബുധൻ : റവ. ഫാ. ജോസഫ് മാലിപ്പമ്പിലിന്റെ 17-ാം ചരമദിനം.
13 ഞായർ : ശാഖ/മേഖല സെമിനാറുകൾ, ശാഖാ സന്ദർശനം.
14 തിങ്കൾ : വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ.
19 ശനി : ശാഖ, മേഖല സെമിനാറുകൾ, രൂപത എക്സിക്യൂട്ടീവ്.
20 ഞായർ : ശാഖാ സന്ദർശനം
21 തിങ്കൾ : സംസ്ഥാന സാഹിത്യമത്സരം, ജീവജലം വചനമെഴുത്തു മത്സരം
26 ശനി : രൂപതാ കലോത്സവത്തിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് രൂപതയിൽ എത്തിക്കേണ്ട അവസാന തീയതി.
27 ഞായർ : ലോഗോസ് ക്വിസ് മത്സരം, ശാഖാ സന്ദർശനം.

### CML 49/15 പ്രതിഭാ സംഗമം, സംസ്ഥാന സാഹിത്യ മത്സരം

രൂപതാ സാഹിത്യ മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം നേടിയവർക്കായി സെപ്റ്റംബർ 20-ാം തീയതി ഞായറാഴ്ച വൈകുന്നേരം മുരിക്കാശ്ശേരിയിൽ പ്രതിഭാസംഗമം നടത്തുന്നു. വിജയികളെ പ്രതിഭാസംഗമത്തിലേക്ക് പറഞ്ഞു വിടുന്ന കാര്യത്തിൽ ശ്രദ്ധിക്കുമല്ലോ.

സെപ്റ്റംബർ 21-ാം തിയതി സംസ്ഥാന സാഹിത്യ മത്സരം രാവിലെ 9.30 മുതൽ മുരിക്കാശ്ശേരിയിൽ നടത്തപ്പെടുന്നു. രൂപതാ സാഹിത്യ മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനം നേടിയവർ നിർബന്ധമായും സംസ്ഥാന സാഹിത്യ മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്.

### CML 50/15 'ജീവജലം' വചനമെഴുത്ത് മത്സരം

സി.എം.എൽ. ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ ജൂനിയർ (5, 6, 7, 8 ക്ലാസുകൾ), സീനിയർ (9, 10, 11, 12 ക്ലാസുകൾ) വിഭാഗത്തിനായി ജീവജലം വചനമെഴുത്ത് മത്സരം മുരിക്കാശ്ശേരിയിൽ നടത്തുന്നു.

1. പഠനഭാഗം ജീവജലം വചനപുസ്തകം:
2. ജൂണിയർ (5,6,7,8 ക്ലാസുകൾ), സീനിയർ (9,10,11,12 ക്ലാസുകൾ) വിഭാഗത്തിലായിരിക്കും മത്സരം.
3. ഇടവകതല മത്സരം സൗകര്യപ്രദമായ ഞായറാഴ്ച നടത്തുക (സമയം 30 മിനിറ്റ്).



4. രൂപതതല മത്സരം സെപ്റ്റംബർ 21-ാം തീയതി തിങ്കളാഴ്ച്ച 9.30 am മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ വച്ചു നടത്തുന്നു.
5. ഇടവകതലത്തിൽ വിജയികളായവരിൽ നിന്നും ഓരോ വിഭാഗത്തിലും ഒരു ആൺകുട്ടിയേയും ഒരു പെൺകുട്ടിയേയും (ആകെ 4 പേർ) രൂപതതല മത്സരത്തിനു പങ്കെടുപ്പിക്കാം.
6. ജീവജലം പുസ്തകത്തിൽ നിന്നുള്ള വചനങ്ങൾ മാത്രമേ മത്സരത്തിനു എഴുതുവാൻ പാടുള്ളൂ.
7. അദ്ധ്യായവും വാക്യവും നിർബന്ധമല്ല.
8. അപൂർണ്ണമായ വചനങ്ങൾ പരിഗണിക്കുന്നതല്ല.
9. എഴുതുന്ന വചനങ്ങൾക്ക് കൃത്യമായും ക്രമനമ്പർ ഇടേണ്ടതാണ്.
10. ജൂണിയർ സീനിയർ വിഭാഗങ്ങളിൽ ഒന്നാം സമ്മാനം 1500 രൂപയും ട്രോഫിയും പ്രശസ്തിപത്രവും. രണ്ടാം സമ്മാനം 1000 രൂപയും ട്രോഫിയും പ്രശസ്തിപത്രവും. മൂന്നാംസമ്മാനം 750 രൂപയും ട്രോഫിയും പ്രശസ്തിപത്രവും. പങ്കെടുക്കുന്ന എല്ലാവർക്കും പ്രോത്സാഹന സമ്മാനവും ഉണ്ടായിരിക്കുന്നതാണ്.
11. മത്സരത്തിൽ പങ്കെടുക്കാൻ വരുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രം കൊണ്ടുവരേണ്ടതാണ്.

### CML 51/15 രൂപതാ കലോത്സവം

CML ഇടുക്കി രൂപതാ കലോത്സവം ഒക്ടോബർ 10-ാം തീയതി ശനിയാഴ്ച മുരിക്കാശ്ശരി സെന്റ് മേരീസ് H.S.S ൽ നടത്തുന്നു. മേഖലാ കലോത്സവത്തിൽ ഒന്നും രണ്ടും സ്ഥാനം നേടിയ കുട്ടികളെ രൂപതാ കലോത്സവത്തിൽ പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ. രൂപതാ കലോത്സവത്തിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് സെപ്റ്റബർ 20-ാം തിയതിക്കകം രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

### CML 52/15 രൂപതാ സാഹിത്യ മത്സരം

ആഗസ്റ്റ് 14-ാം തീയതി രൂപതയിലെ 5 സെന്ററുകളിലായി നടന്ന രൂപതാ സാഹിത്യ മത്സരത്തിൽ 1200 - ഓളം മിഷൻലീഗ് അംഗങ്ങൾ പങ്കെടുത്തു. പങ്കെടുത്ത മുഴുവൻ മിഷൻലീഗ് അംഗങ്ങൾക്കും കുട്ടികളെ പറഞ്ഞയച്ച ബഹുമാനപ്പെട്ട ഡയറക്ടറ

ച്ചന്മർക്കും, സിസ്റ്റേഴ്സിനും, ഭാരവാഹികൾക്കും രൂപതാ മിഷൻ കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു.

**CML 53/15 കുഞ്ഞേട്ടൻ അനുസ്മരണം**

CML സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ ആഗസ്റ്റ് 8-ാം തീയതി ചെമ്മലമറ്റത്തുവച്ച് നടന്ന കുഞ്ഞേട്ടൻ അനുസ്മരണത്തിലും സംസ്ഥാന മാനേജിംഗ് കമ്മിറ്റിയിലും രൂപതാ ഭാരവാഹികൾ പങ്കെടുത്തു.

## കെ.സി.എസ്.എൽ.

**KCSL 39/15 ശതാബ്ദി മെഗാ ക്വിസ് നടത്തപ്പെട്ടു**

കെ.സി.എസ്.എൽ. സംഘടനയുടെ ശതാബ്ദിയുയോടനുബന്ധിച്ച് കെ.സി.എസ്.എൽ. ഇടുക്കി രൂപതാ സംഘടിപ്പിച്ച മെഗാ ക്വിസ് ആഗസ്റ്റ് 19 ബുധൻ ഉച്ചകഴിഞ്ഞ് 2 ന് 65 സ്കൂളുകളിൽ നടത്തപ്പെട്ടു. ലോഗോസ് ക്വിസ് മാതൃകയിലാണ് പരീക്ഷ നടത്തിയത്. കെ.സി.എസ്. എൽ പ്രവർത്തിക്കുന്ന എല്ലാ സ്കൂളുകളിൽ നിന്നും യു.പി, എച്ച്. എസ്, എച്ച്. എസ്. എസ് വിഭാഗത്തിൽ നിന്നും ഏഴായിരം കുട്ടികളാണ് പരീക്ഷയിൽ പങ്കെടുത്തത്. രൂപതതല ഉദ്ഘാടനം വാഴത്തോപ്പ് ഗിരിജ്യോതി പബ്ലിക്ക് സ്കൂളിൽ നടത്തപ്പെട്ടു.

**KCSL 40/15 രൂപത ലീഡേഴ്സ് ക്യാമ്പ്**

കെ.സി.എസ്.എൽ-ന്റെ ഈ വർഷ രൂപത കമ്മിറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ലീഡേഴ്സിനായി സംഘടിപ്പിച്ച ലീഡേഴ്സ് ക്യാമ്പ് പൈനാവ് അമൽ ജ്യോതി സ്പെഷ്യൽ സ്കൂളിൽ ആഗസ്റ്റ് 23 മുതൽ 26 വരെ നടത്തപ്പെട്ടു. ക്യാമ്പ് ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ് ഹെഡ്. എറണാകുളം ശ്രീ ഷാജി ജോസഫിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.



**KCSL 41/15 അധ്യാപക ദിനാചരണം**

കെ.സി.എസ്.എൽ സംഘടിപ്പിക്കുന്ന അധ്യാപക ദിനാചരണം സെപ്റ്റംബർ 4-ാം തീയതി വെള്ളിയാഴ്ച വാഴത്തോപ്പ് സെന്റ്. ജോർജ്ജ് ഹയർ സെക്കന്ററി സ്കൂളിൽ വച്ച് ആഘോഷിക്കുന്നു. പ്രസ്തുത യോഗം, ഇടുക്കി രൂപതാ വികാരി ജനറാൾ പെരിയ ബഹുമാനപ്പെട്ട ഫാ. ജെയിംസ് മംഗലശ്ശേരിൽ ഉദ്ഘാടനം ചെയ്യും. രൂപത പ്രസിഡന്റ് ശ്രീ. ജോയി കെ. ജോസ് യോഗത്തിന് അദ്ധ്യക്ഷത വഹിക്കുന്നു. എല്ലാ യൂണിറ്റുകളിലും അന്നേ ദിവസം അധ്യാപക ദിനം ആഘോഷിക്കുവാൻ ആനിമേറ്റേഴ്സ് ശ്രദ്ധിക്കുമല്ലോ.

**KCSL 42/15 കെ.സി.എസ്.എൽ. അംഗത്വ വിഹിതം, സ്ക്രാച്ച് & വിൻ മെഗാ ക്വിസ് etc.**

കെ.സി.എസ്.എൽ.-ന്റെ ഈ വർഷത്തെ പ്രവർത്തനങ്ങൾക്കായുള്ള അംഗത്വവിഹിതവും, സ്ക്രാച്ച് & വിൻ സമ്മാന കൂപ്പൺ തുകയും മെഗാ ക്വിസ് ഫീസും, പുസ്തകങ്ങളുടെ വിലയും എല്ലാ യൂണിറ്റുകളിലും സമാഹകരിച്ച് സെപ്റ്റംബർ 10-ാം തീയതിയ്ക്ക് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കുവാൻ ആനിമേറ്റേഴ്സ് പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**KCSL 43/15 ശതാബ്ദി മഹാസംഗമം**

കെ.സി.എസ്.എൽ ശതാബ്ദിയുടെ സംസ്ഥാനതല മഹാസംഗമം 28 രൂപതകളിൽ നിന്നുള്ള രൂപതാദ്ധ്യക്ഷന്മാരുടെ മഹനീയ സാന്നിദ്ധ്യത്തിൽ എറണാകുളം മറൈൻഡ്രൈവ് ഗ്രൗണ്ടിൽ ഒക്ടോബർ 2-ാം തിയതി ആഘോഷമായി നടത്തപ്പെടുന്നു. നമ്മുടെ രൂപതയിൽ നിന്നും 150 കുട്ടികളാണ് പങ്കെടുക്കുന്നത്. കുട്ടികളെ പങ്കെടുപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ രൂപതാ ഓഫീസുമായി ബന്ധപ്പെടുക.

KCSL 44/15 **സാഹിത്യ മത്സരം**

കെ.സി.എസ്.എൽ.-ന്റെ ഈ വർഷത്തെ സ്കൂൾതല സാഹിത്യ മത്സരങ്ങൾ ഒക്ടോബർ മാസം 10-ാം തീയതി നടത്തപ്പെടുന്നു. കുട്ടികളെ മത്സരങ്ങൾക്കായി ഒരുക്കുവാനും മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കുവാനും ആനിമേറ്റഴ്സ് പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## കെ.സി.വൈ.എം.

KCYM 43/15 **ജീസസ് നൈറ്റ്**

ആഗസ്റ്റ് 14 വെള്ളിയാഴ്ച ഉപ്പുതോടു ശാഖയിൽ ജീസസ് നൈറ്റ് നടത്തി. ഉപ്പുതോട് സെന്റ് ജോസഫ് പള്ളി വികാരി ബഹു. ഫാ. ജോർജ്ജ് പാട്ടത്തെക്കുഴി ഉദ്ഘാടനം ചെയ്തു. ജീസസ് നൈറ്റിൽ ഉപ്പുതോട് ശാഖയിലെ 100-ഓളം യുവജനങ്ങൾ പങ്കെടുത്തു. കെ.സി.വൈ.എം. രൂപതാ ഡയറക്ടർ ഫാ. ഫ്രാൻസീസ് അമ്പലത്തിങ്കൽ മുഖ്യപ്രഭാക്ഷണം നടത്തുകയും രൂപതാ പ്രസിഡന്റ് സിജോ ഇലന്തൂർ ആശംസകൾ അർപ്പിക്കുകയും ചെയ്തു. കോതമംഗലം രൂപതയുടെ മുൻ കെ.സി.വൈ.എം. പ്രസിഡന്റ് ശ്രീ ജയ്സൺ ക്ലാസുകൾക്ക് നേതൃത്വം നൽകി. 15-ാം തീയതി രാവിലെ 6.00 മണിക്ക് നടന്ന വി. കുർബാനയോടുകൂടി ജീസസ് നൈറ്റ് സമാപിച്ചു.

KCYM 44/15 **ഇരട്ടയാർ ഫൊറോന സംഗമം**

ആഗസ്റ്റ് 16 ഞായറാഴ്ച ഇരട്ടയാർ സെന്റ് തോമസ് ഫൊറോന പള്ളിയിൽ വച്ച് ഇരട്ടയാർ ഫൊറോന സംഗമം നടന്നു. രൂപത കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന സംഗമത്തിൽ ഇരട്ടയാർ ഫൊറോന വികാരി പെരി. ബഹു. ഫാ. ഫ്രാൻസീസ് ഇടവക്കണ്ടം



പാതാക ഉയർത്തുകയും ഇടുക്കി എം.പി. ജോയിസ് ജോർജ്ജ് ആശംസകൾ നേരുകയും ചെയ്തു. തുടർന്നു നടന്ന പൊതുസമ്മേളനം ഇരട്ടയാർ ശാഖാ ഡയറക്ടർ ഫാ. സിജോ ചുനയംമാക്കൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് സിജോ ഇലന്തൂർ അദ്ധ്യക്ഷത വഹിച്ചു പ്രസ്തുത സമ്മേളനത്തിൽ രൂപതാ ഡയറക്ടർ ഫാ. ഫ്രാൻസീസ് അമ്പലത്തിങ്കൽ മുഖ്യപ്രഭാക്ഷണം നടത്തുകയും ഇരട്ടയാർ മേഖലാ ഡയറക്ടർ ഫാ. ഫിലിപ്പ് താഴത്തുവീട്ടിൽ ആശംസകളർപ്പിക്കുകയും ചെയ്തു. തുടർന്ന് ഇരട്ടയാർ ഫൊറോനയിലെ വിവിധ ഇടവകകളിൽ നിന്നായി 135 യുവജനങ്ങൾ പങ്കെടുത്തു. ശ്രീ. ജോയി പ്ലാത്തറ ക്ലാസുകൾക്ക് നേതൃത്വം നൽകി. 4.00 മണിക്ക് നടന്ന മേഖലാ തിരഞ്ഞെടുപ്പോടുകൂടി സംഗമം സമാപിച്ചു. പ്രസ്തുത സംഗമത്തിൽ പങ്കെടുത്ത എല്ലാ യുവജനങ്ങൾക്കും, യുവജനങ്ങളെ പറഞ്ഞയച്ച എല്ലാ വികാരിയച്ചന്മാർക്കും പ്രത്യേകം നന്ദി. തിരഞ്ഞെടുക്കപ്പെട്ട മേഖലാ ഭാരവാഹികൾക്ക് എല്ലാവിധ ആശംസകളും അഭിനന്ദനങ്ങളും.

KCYM 45/15 **വെള്ളയാംകുടി ഫൊറോനാ സംഗമം**

ആഗസ്റ്റ് 23 ഞായറാഴ്ച 2 മണിക്ക് വെള്ളയാംകുടി സെന്റ് ജോർജ്ജ് ഫൊറോന പള്ളിയിൽ വച്ച് വെള്ളയാംകുടി ഫൊറോനാ സംഗമം നടന്നു. രൂപത കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന സംഗമത്തിൽ വെള്ളയാംകുടി വികാരി പെരിയ. ബഹു. ഫാ. ജോസ് പ്ലാച്ചിക്കൽ പാതാക ഉയർത്തി. തുടർന്ന് കെ.സി.വൈ.എം. രൂപതാ പ്രസിഡന്റ് സിജോ ഇലന്തൂറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പെതുസമ്മേളനം കെ.സി.വൈ.എം. രൂപതാ ഡയറക്ടർ ഫാ. ഫ്രാൻസീസ് അമ്പലത്തിങ്കൽ ഉദ്ഘാടനം ചെയ്തു. വെള്ളയാംകുടി അസി. വികാരി ബഹു. ഫാ. ജിൻസ് കാരയ്ക്കാട്ടിൽ സ്വാഗതം ആശംസിച്ചുകൊണ്ട് സംസാരിച്ചു. വെള്ളയാംകുടി ടൗണിലേക്ക് യുവജനങ്ങൾ നടത്തിയ വിശ്വാസറാലി, സംഗമത്തിന്റെ മാറ്റ് വർദ്ധിപ്പിച്ചു. വെള്ളയാംകുടി മേഖലയിലെ വിവിധ ശാഖകളിൽ നിന്നായി പങ്കെടുത്ത 150-ഓളം യുവജനങ്ങൾക്ക് അഡ്വ. സജി അറക്കുളം ക്ലാസെടുക്കുകയും തുടർന്ന് മേഖലാ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു. തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്ക് ആശംസകളും അഭിനന്ദന

ങ്ങളും നേരുന്നതോടൊപ്പം പ്രസ്തുത സംഗമത്തിൽ പങ്കെടുത്ത എല്ലാ യുവജനങ്ങൾക്കും അവരെ പറഞ്ഞയച്ച വികാരിയച്ചന്മാർക്കും പ്രത്യേകം നന്ദി.

## കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

MVS 14/15

22-08-2015, 2.00 മണിക്ക് തങ്കമണി സെന്റ് തോമസ് ഫൊറോനാ ദൈവാലയത്തിൽ വച്ച് രൂപത ഡയറക്ടർ ഫാ. ജോസഫ് പാപ്പാടിയുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ജനറൽ സെക്രട്ടറി റോജസ് എം. ജോർജ് ഏവർക്കും സ്വാഗതം ആശംസിച്ച് റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് മുരിക്കാശ്ശേരിയിൽ നടന്ന മദ്യവിരുദ്ധ പ്രവർത്തക കൺവെൻഷൻ വിലയിരുത്തപ്പെട്ടു. മദ്യവിരുദ്ധ പ്രവർത്തനങ്ങളെ വളരെ ഗൗരവത്തോടെ നോക്കിക്കാണുകയും വിലയിരുത്തുകയും നേട്ടങ്ങളെയും കോട്ടങ്ങളെയും ഭാവി പരിപാടികളെയും കുറിച്ച് പങ്കെടുത്ത ഏവരും താൽപര്യപൂർവ്വം ചർച്ച നടത്തുകയും ചെയ്തു. ഇടവകാതലത്തിൽ യൂണിറ്റുകളും അതിലൂടെയുള്ള പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുവാൻ തീവ്രമായ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുവാനും യോഗം തീരുമാനിച്ചു. ഓരോ ഇടവകയിലും മദ്യവിരുദ്ധ യൂണിറ്റുകൾ ആരംഭിക്കണമെങ്കിൽ വ്യക്തിപരമായി ആളുകളെ സന്ദർശിക്കുകയും അവർ താൽപര്യമുള്ളവരായതുകൊണ്ട് എണ്ണത്തിൽ കുറവാണെങ്കിലും അവരിലൂടെ ഇടവകയുടെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുവാൻ രൂപത കമ്മറ്റിക്ക് സാധിക്കുകയും ചെയ്യുമെന്ന് ശ്രീ. സിൽബി ചുനയംമാക്കൽ അഭിപ്രായപ്പെട്ടു. ശ്രമകരമായ ഈ ദൗത്യം നമ്മൾ ഏറ്റെടുത്തേ മതിയാകൂ എന്ന് രൂപതാ അസ്സി. ഡയറക്ടർ ഫാ. മാത്യു അരയത്തിനാൽ പറഞ്ഞു. തന്നെയുമല്ല പ്രവർത്തനങ്ങൾ ഇല്ലെങ്കിൽ മദ്യവിരു



ദ്ധസമിതിക്ക് മുന്നേറുവാനും സാധിക്കുകയില്ല. നമുക്ക് പ്രവർത്തിക്കുന്നവരും, പ്രാർത്ഥിക്കുന്നവരുമായി നിന്നുകൊണ്ട് മദ്യവിരുദ്ധപ്രവർത്തനങ്ങളെ മുൻനിരയിൽ കൊണ്ടുവരുവാൻ ശ്രമിക്കാം. അടുത്ത കാലത്തായി കേരള സമൂഹത്തിൽ സിനിമിയിലൂടെയും മറ്റു മാധ്യമങ്ങളിലൂടെയും നുഴഞ്ഞുകയറുന്ന തിന്മയുടെ ശക്തികളെ നമ്മൾ ജാഗ്രതയോടെ നോക്കിക്കാണുകയും നിലപാടുകളെടുക്കുകയും വേണമെന്ന് സെക്രട്ടറി റോജസ് എം. ജോർജ് ശക്തമായി ആവശ്യപ്പെട്ടു. പ്രേമം എന്ന സിനിമ വരുത്തിവെച്ച വിനകൾ തിരുവനന്തപുരത്ത് എഞ്ചിനിയറിംഗ് കോളേജിൽ ഒരു വിദ്യാർത്ഥിനിയുടെ മരണത്തിനുപോലും കാരണമായിത്തീർന്നത് പരിഷ്കൃത സമൂഹത്തിന് എത്രയോ അപമാനമാണ്. യൂണിഫോമിന് പകരം കറുത്ത തുണിയുമുടുത്ത് കൂട്ടമായി കലാലയങ്ങളിൽ വരുക, സിനിമയെ അനുകരിച്ച് മദ്യപാനത്തിനും പ്രണയപ്പേക്കൂത്തുകൾക്കും അധികാരികളെ ധിക്കരിക്കൽ മനോഭാവത്തിനും തുടങ്ങി എത്രയെത്ര മോശമായ കാര്യങ്ങളാണ് നമ്മുടെ നാട്ടിൽ ഇപ്പോൾ അരങ്ങേറിക്കൊണ്ടിരിക്കുന്നത്. ഈ വക കാര്യങ്ങൾ നമ്മെ ഏവരേയും പ്രത്യേകിച്ച് രൂപതാ മദ്യവിരുദ്ധസമിതിയെ കൂടതൽ ജാഗ്രതയുള്ളവരായി മാറ്റുകയാണ്, പ്രതികരിക്കുന്നവരായി മാറ്റുകയാണ്. ഇവയുടെയെല്ലാം പശ്ചാത്തലത്തിൽ ഇടുക്കി രൂപതയിൽ ഈ വർഷം ഇരുപതോളം സ്ഥലങ്ങളിൽ മദ്യവിരുദ്ധ മീറ്റിംഗുകളും, ഒപ്പം യൂണിറ്റ് രൂപീകരണവുമെന്ന ആശയം രൂപതാ ഡയറക്ടർ ഫാ. ജോസഫ് പാപ്പാടി മുമ്പോട്ട് വച്ചു. അതിന് നിർദ്ദേശിക്കപ്പെട്ട ആളുകളും, സ്ഥലങ്ങളും താഴെപ്പറയുന്നു.

1. മുളകുവള്ളി, മണിയാറൻകുടി, തൂക്കുപാലം, വാഴത്തോപ്പ് (ഫാ. മാത്യു അരയത്തിനാൽ)
2. വെള്ളത്തൂവൽ, കുഞ്ചിത്തണ്ണി, മച്ചിപ്ലാവ്, മാങ്കുളം (സിൽബി ചുനുയംമാക്കൽ)
3. പണിക്കൻകുടി, പെരിഞ്ചാംകുട്ടി (ജോസ് ഇഞ്ചയിൽ)
4. നീലിവയൽ, കാമാക്ഷി, കാൽവരിമൗണ്ട്, പാണ്ടിപ്പാറ, തങ്കമണി (മിനിയാച്ചൻ വാഴയിൽ)
5. മഞ്ഞപ്പാറ, പച്ചടി, പാലാർ, മുരിക്കാശ്ശേരി (റോജസ്. എം. ജോർജ്)

6. പാറത്തോട്, ചിന്നാർനിരപ്പ് (ജോസഫ് മ്രാല)
ഡിസംബർ മുപ്പതിനകം ഈ പരിപാടികൾ പൂർത്തിയായിരിക്കും.

**MVS 15/15 ഗ്രാമദീപം**

മദ്യവിരുദ്ധ സമിതി സംസ്ഥാന നേതൃത്വം മുന്നോട്ടുവയ്ക്കുന്ന ആശയമാണിത്. ഒന്നോ രണ്ടോ ഇടവകകളിൽ ഭവന സന്ദർശനവും, ബോധവത്ക്കരണ ക്ലാസുകളും കൗൺസിലിംഗ് ശുശ്രൂഷയും നടത്തിക്കൊടുക്കുന്നു. താല്പര്യമുള്ളവർ താഴെപ്പറയുന്ന നമ്പരുകളിൽ ബന്ധപ്പെടുക:

ഫോൺ : 9447524457, 9495677538

**MVS 16/15 സാഹിത്യമത്സരങ്ങൾ സ്കൂൾ കുട്ടികൾക്കായി**

മുൻ നിശ്ചയപ്രകാരം ഒക്ടോബർ 10-ന് മുരിക്കാശ്ശേരി സെന്റ് മേരീസ് സ്കൂളിൽ വച്ച് നടത്തപ്പെടുന്ന സാഹിത്യമത്സരങ്ങൾക്കായുള്ള ഒരുക്കങ്ങൾ അതിൽ പങ്കെടുക്കേണ്ട സ്കൂളുകൾ ത്വരിതപ്പെടത്തുമല്ലോ.

**MVS 17/15 ഒക്ടോബർ-2 ഗാന്ധിജയന്തി അനുസ്മരണം**

രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ ജന്മദിനമായ ഒക്ടോബർ 2 തങ്കമണിയിൽ സമുചിതമായി ആചരിക്കുവാൻ രൂപതാ കമ്മറ്റി തീരുമാനിച്ചു.

## ഫാമിലി അപ്പസ്തോലേറ്റ്

**FA 15/15 വിവാഹ ഒരുക്ക സെമിനാർ**

ആഗസ്റ്റ് 31 തിങ്കൾ - സെപ്റ്റംബർ 2 ബുധൻ
സെപ്റ്റംബർ 28 തിങ്കൾ - 30 ബുധൻ

**FA 16/15 ഏലീശ്വാ ധ്യാനം**

2015 ഒക്ടോബർ 16 - 18 തീയതികളിൽ അടിമാലി ആത്മജ്യോതിയിൽ ഏലീശ്വാ ധ്യാനം നടത്തപ്പെടുന്നു. വെള്ളിയാഴ്ച വൈകുന്നേരം 5.00 മണിക്ക് ആരംഭിച്ച് ഞായാറാഴ്ച 3.00 മണിക്ക്



സമാപിക്കും. ഗർഭിണികളായ സ്ത്രീകളും അവരുടെ ഭർത്താക്കന്മാർക്കും ഈ ധ്യാനത്തിൽ പങ്കെടുക്കാം.

## മാതൃവേദി

### രൂപതാ തിരഞ്ഞെടുപ്പ്

ഇടുക്കി രൂപതാ മാതൃവേദിയുടെ രൂപതാ തിരഞ്ഞെടുപ്പ് 2015 ജൂലൈ 31 ന് ഇടുക്കി രൂപതാ കേന്ദ്രത്തിൽ നടന്നു. 11 മണിക്ക് ആരംഭിച്ച മീറ്റിംഗിൽ അഭിവന്ദ്യ പിതാവ് സന്ദേശം നല്കി. തുടർന്ന് ബഹു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ അടുത്ത പ്രവർത്തന വർഷത്തെക്കുറിച്ചുള്ള ചർച്ചകൾ നടത്തി. അതിനുശേഷം വോട്ടെടുപ്പിലൂടെ പുതിയ രൂപതാ ഭാരവാഹികളെ തിരഞ്ഞെടുത്തു. മാതൃവേദി മോഡറേറ്റർ Sr. Julee FCC എല്ലാവർക്കും നന്ദി പറഞ്ഞു. പുതിയ ഭാരവാഹികൾക്ക് ആശംസകളും അഭിനന്ദനങ്ങളും.

**മാതൃവേദി പുതിയ ഭാരവാഹികൾ**

| | |
|---|---|
| പ്രസിഡന്റ് | - പോളി ബെന്നി തുരുത്തിക്കര, പണിക്കൻകുടി |
| വൈസ് പ്രസിഡന്റ് | - ജാൻസി ടോമി ചക്കാംകുന്നേൽ, സ്നേഹഗിരി |
| സെക്രട്ടറി | - സെലിൻ സാബു കടൂപാറയിൽ, പള്ളിക്കാനം |
| ജോ. സെക്രട്ടറി | - മിനി ജെയിംസ് കുഴിക്കാട്ട്, ആയിരമേക്കർ |
| ട്രഷറർ | - മേഴ്സി ജോസഫ് മാലിക്കുടിയിൽ, പാറത്തോട് |

### രൂപതാ വാർഷികം

2014-15 പ്രവർത്തന വാർഷികം സെപ്റ്റംബർ 19 ശനിയാഴ്ച വെള്ളയാംകുടി സെന്റ് ജോർജ്ജ് ഫൊറോന പള്ളിയിൽ നടത്തുവാൻ തിരുമാനിച്ചിരിക്കുന്നു. രാവിലെ 9.30 ന് വിശുദ്ധ കുർബായോടുകൂടി ആരംഭിക്കുന്ന വാർഷികം അഭി. മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവ് ഉദ്ഘാടനം ചെയ്യും.



## ആത്മജ്യോതിയിലെ പരിപാടികൾ

| | | |
|---|---|---|
| സെപ്റ്റംബർ 2015 | 12-13 - | തിയോളജി കോഴ്സ് |
| | 13-18 - | വൈദീകരുടെ വാർഷിക ധ്യാനം |
| | 28-30 - | വിവാഹ ഒരുക്ക ധ്യാനം |

## കത്തോലിക്കാ കോൺഗ്രസ്

### മോചനയാത്രക്ക് ഉജ്വല സ്വീകരണം

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കാർഷികമേഖലയോട് കാട്ടുന്ന അവഗണന, വർദ്ധിച്ചുവരുന്ന അഴിമതി, മതതീവ്രവാദം തുടങ്ങിയ ജനകീയപ്രശ്നങ്ങൾക്കു പരിഹാരം കാണണമെന്നാവശ്യപ്പെട്ടുകൊണ്ട് കത്തോലിക്ക കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് വി. വി. അഗസ്റ്റിന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 1 ന് തിരുവനന്തപുരത്തു നിന്നും ആരംഭിച്ച തെക്കൻമേഖല മോചനയാത്രക്ക് ഇടുക്കി രൂപതയിൽ ഗംഭീര സ്വീകരണം നല്കി.

ആഗസ്റ്റ് 6 ന് രാവിലെ 9 മണിക്ക് വെള്ളയാംകുടിയിൽ നടന്ന ആവേശോജ്ജ്വലമായ സ്വീകരണത്തോടുകൂടി ജാഥയുടെ ഇടുക്കി രൂപതയിലെ പര്യടനത്തിന് തുടക്കം കുറിച്ചു. ഇടുക്കി രൂപതയിലെ പര്യടനത്തിന്റെ ഉദ്ഘാടനസമ്മേളനത്തിൽ രൂപത പ്രസിഡന്റ് ജോർജ് കോയിക്കൽ അദ്ധ്യക്ഷത വഹിച്ചു. ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. ജാഥാ ക്യാപ്റ്റൻ വി.വി. അഗസ്റ്റിൻ, രൂപത ഡയറക്ടർ ഫാ. ജോർജ് പാട്ടത്തെക്കുഴി, സൈബി അക്കര, ജോസുകുട്ടി മാടപ്പള്ളിൽ, ജോസുകുട്ടി ജെ. ഒഴുകയിൽ, ഫാ. മാത്യു കുഴികണ്ടത്തിൽ, ജോസ് തോമസ് ഒഴുകയിൽ എന്നിവർ പ്രസംഗിച്ചു.

തുടർന്ന് ഇരട്ടയാർ, തങ്കമണി, ഇടുക്കി, കരിമ്പൻ, മുരിക്കാശ്ശേരി, പാറത്തോട് എന്നിവിടങ്ങളിൽ ആവേശകരമായ സ്വീകരണമാണ് ജാഥക്ക് ലഭിച്ചത്. സ്വീകരണ സമ്മേളനങ്ങളിൽ ഫാ. ജോർജ് പാട്ടത്തെക്കുഴി, ജോർജ് കോയിക്കൽ, സൈബി അക്കര, ജോസുകുട്ടി മാടപ്പള്ളിൽ, ജോസുകുട്ടി ജെ. ഒഴുകയിൽ, ഫാ. ജോസഫ് കൈപ്പൻപ്ലാക്കൽ, ഫാ. തോമസ് നെച്ചുകാട്ട്, ഫാ. ജോസഫ് കൊച്ചു



കുന്നേൽ, ഫാ. ജോർജ് കുഴിപ്പള്ളിൽ, ഫാ. ജോസ് കരിവേലിക്കൽ, ഫാ. ജോസ് കാവുങ്കൽ, ഫാ. ജെയിംസ് മാക്കിയിൽ, സണ്ണി കരിവേലിക്കൽ തുടങ്ങിയവർ പ്രസംഗിച്ചു.

4.30 ന് അടിമാലിയിൽവെച്ച് രൂപതാതലത്തിലുള്ള സമാപന സമ്മേളനം കോതമംഗലം രൂപത വികാരി ജനറാൾ മോൺ. ജോർജ് ഓലിയപ്പുറം ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് ജോർജ് കോയിക്കൽ അദ്ധ്യക്ഷപ്രസംഗം നടത്തി. സ്വീകരണത്തിന് നന്ദിപറഞ്ഞുകൊണ്ട് ജാഥാ ക്യാപ്റ്റൻ കത്തോലിക്ക കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് വി.വി. അഗസ്റ്റിൻ പ്രസംഗിച്ചു. ഭൂരിപക്ഷം വരുന്ന കർഷകരെ അവരുടെ അവകാശങ്ങൾ സംരക്ഷിക്കാതെ അവഗണിച്ചാൽ കേരള കർഷകർ ശക്തമായി പ്രതിഷേധിക്കുമെന്ന് അദ്ദേഹം മുന്നറിയിപ്പ് നല്കി. അധികാരസ്ഥാനങ്ങൾ ഉറപ്പിക്കാനും സ്ഥാനമാനങ്ങൾ നേടിയെടുക്കാനും കർഷകജനതയെ ജാതീയമായി ധ്രുവീകരിച്ചു ചിലർ നടത്തുന്ന വിലകുറഞ്ഞ തന്ത്രങ്ങൾക്കെതിരെ പൊതുജനം ബോധവാന്മാരാകണം. കർഷക ഭൂമിക്കു പട്ടയം നിഷേധിക്കുന്നത് രാഷ്ട്രീയ മേലാളന്മാർക്കു പിന്നിൽ അടിയാളന്മാരേപ്പോലെ ആളുകളെ നിർത്താനാണെന്നും കർഷകരുടെ അവകാശങ്ങളും നീതിയും സംരക്ഷിക്കപ്പെടുന്നതുവരെ കത്തോലിക്ക കോൺഗ്രസ് സമരരംഗത്ത് ഉണ്ടാകുമെന്നും വി.വി. അഗസ്റ്റിൻ പറഞ്ഞു. സമാപന സമ്മേളനത്തിൽ സംസ്ഥാന സെക്രട്ടറി സൈബി അക്കര, ജോസുകുട്ടി ജെ. ഒഴുകയിൽ, രൂപത ഡയറക്ടർ ഫാ. ജോർജ് പാട്ടത്തെക്കുഴി, ഫാ. തോമസ് ആനിക്കുഴിക്കാട്ടിൽ, ഫാ. സെബാസ്റ്റ്യൻ എടാട്ടേൽ, ഫാ. ജയിംസ് പാറക്കടവിൽ, ഫാ. ജോർജ് കരിവേലിക്കൽ എന്നിവർ പ്രസംഗിച്ചു. വർണ്ണശബളമായ റാലിയിൽ സമീപത്തെ വിവിധ ഇടവകകളിൽ നിന്നും നൂറുകണക്കിന് ആളുകൾ പങ്കെടുത്തു. ഫാ. തോമസ് ആനിക്കുഴിക്കാട്ടിൽ, ഫാ. ജയിംസ് പാറക്കടവിൽ എന്നിവരും വിവിധ ഫൊറോനാ സമിതി നേതാക്കന്മാരായ ജേക്കബ് കറുകപ്പള്ളി, പീറ്റർ പൂണേലിൽ, സണ്ണി പൂങ്കുടി, ജോസഫ് ദേവസ്യ മറ്റപ്പള്ളി, ജോയി ജോസഫ്, ജോബി തോമസ്, ജോസ് വറങ്ങലക്കുടി, ബാബു ചിന്താർമണിയിൽ, ഗബ്രീയേൽ വെളിയത്ത് മാരിയിൽ,

ബേബിച്ചൻ ശൗര്യാംകുഴി, ബാബു വെട്ടിക്കാലായിൽ, സെബാസ്റ്റ്യൻ മാളിയേക്കൽ എന്നിവരുമാണ് റാലിക്ക് നേതൃത്വം നല്കിയത്.

രൂപതയിൽ മോചനയാത്ര വിജയകരമാക്കുന്നതിന് ജോർജ് കോയിക്കൽ, ജോസ് തോമസ് ഒഴുകയിൽ, സണ്ണി ജോർജ് കരിവേലിക്കൽ, ജോസുകുട്ടി മാടപ്പള്ളിൽ, ജോസുകുട്ടി ജെ. ഒഴുകയിൽ, ഡോ. ജോയി കോയിക്കകുടി, മാത്യു സെബാസ്റ്റ്യൻ മലേപ്പറമ്പിൽ, ജോസഫ് ചാണ്ടി തേവർപറമ്പിൽ, അഗസ്റ്റിൻ കൂനംപാറയിൽ, ജോർജ് ജോസഫ് താളൻപ്ലാക്കൽ, ബേബിച്ചൻ ശൗര്യാംകുഴി, ജോസ് വറങ്ങലക്കുടി, ജോസഫ് ദേവസ്യാ മറ്റപ്പള്ളി, ജോർജ് അമ്പഴം, ജേക്കബ് കറുകപ്പള്ളി, സി.എം. മത്തായി, ചുമ്മാർ മാത്യു, കെ.സി. ചാക്കോ, ജോസഫ് ചാക്കോ പുത്തൂർ, പി.റ്റി. തോമസ് പൂവത്തുംമൂട്ടിൽ, ബാബു വെട്ടിക്കാലായിൽ തുടങ്ങിയവർ നേതൃത്വം നല്കി.

**നന്ദിയോടെ.....**

മോചനയാത്രയുടെ വിജയത്തിനായി മാർഗ്ഗനിർദ്ദേശങ്ങൾ നല്കിയ അഭിവന്ദ്യ പിതാവിനോടും രൂപത ഡയറക്ടർ ഫാ. ജോർജ് പാട്ടത്തെക്കുഴി, ഫൊറോന ഡയറക്ടർമാർ, യൂണിറ്റ് ഡയറക്ടർമാർ, ഫൊറോന ഭാരവാഹികൾ, യൂണിറ്റ് ഭാരവാഹികൾ, ബഹു. വൈദികർ, ബഹു. സിസ്റ്റേഴ്സ്, സംഘടന പ്രവർത്തകർ എന്നിവരോടും സംഘടനക്കുള്ള നന്ദി വാക്കുകൾക്കതീതമാണ്.

## സ്കോളർഷിപ്പിന് അപേക്ഷിക്കൽ സങ്കീർണ്ണമാക്കിയതിൽ പ്രതിഷേധിച്ചു.

സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ന്യൂനപക്ഷവിഭാഗത്തിലെ കുട്ടികൾക്ക് നല്കിവന്നിരുന്ന പ്രീ-മെട്രിക് സ്കോളർഷിപ്പിന്റെ അപേക്ഷ സ്വീകരിക്കൽ കൂടുതൽ സങ്കീർണ്ണമാക്കിയിരിക്കുകയാണ്. സ്കൂൾ അധികൃതരെ വിശ്വാസത്തിലെടുത്ത് കുട്ടികളുടെ അക്കൗണ്ടുകളിലേയ്ക്ക് വിദ്യാഭ്യാസ സഹായം എത്തിച്ചുകൊടുക്കുവാൻ വളരെ ലളിതമായ സംവിധാനങ്ങൾ ഉണ്ടെന്നിരിക്കെയാണ് പുതിയ പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്. പുതിയ നിർദ്ദേശം വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഏറെ ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുണ്ട്. 1000 രൂപയുടെ സ്കോളർഷിപ്പ് കിട്ടാൻ ഏറെ കടമ്പകൾ കടക്കേണ്ടിവരുന്നുവെന്നുള്ളത് ദുഖകരമാണ്. അപേക്ഷകനെ വേണ്ടിവന്നാൽ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുമെന്നും കേൾക്കുന്നു.



പ്രധാനമന്ത്രിക്കും കേന്ദ്ര വിദ്യാഭ്യാസവകുപ്പ് മന്ത്രിക്കും കേന്ദ്ര ന്യൂനപക്ഷ ക്ഷേമവകുപ്പ് മന്ത്രിക്കും കേന്ദ്ര ന്യൂനപക്ഷ കമ്മീഷൻ അംഗത്തിനും സംസ്ഥാന ന്യൂനപക്ഷകമ്മീഷനിലും നിവേദനം നല്കി. ഇക്കാര്യത്തിൽ ഇടപെട്ട് സ്കോളർഷിപ്പ് ലഭിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സങ്കീർണ്ണമാക്കിയതിന്റെ കാര്യങ്ങൾ അന്വേഷിക്കണമെന്നും നേരത്തെ സ്കോളർഷിപ്പ് ലഭിച്ചിരുന്ന രീതിയിൽ ആയത് തുടരുന്നതിന് ഇടപെടണമെന്നും ആവശ്യപ്പെട്ട് സംസ്ഥാന ന്യൂനപക്ഷ കമ്മീഷന് പരാതി കത്തോലിക്ക കോൺഗ്രസ് നല്കിയിട്ടുണ്ട്. കൂടാതെ ഈ പ്രശ്നം ദേശീയ ന്യൂനപക്ഷ കമ്മീഷനിലും ഉന്നയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച പരാതി ഇംഗ്ലീഷിലും ഹിന്ദിയിലും തയ്യാറാക്കി ബഹു. ഇടുക്കി എം.പി. ജോയ്സ് ജോർജ് മുഖേന ബഹു. പ്രധാനമന്ത്രിക്കും ബഹു. കേന്ദ്ര വിദ്യാഭ്യാസ വകുപ്പുമന്ത്രി സ്മൃതി ഇറാനിക്കും ബഹു. കേന്ദ്ര ന്യൂനപക്ഷക്ഷേമ വകുപ്പ് മന്ത്രിക്കും സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അടിയന്തിരമായ ഇടപെടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് രൂപത ഭാരവാഹികൾ ബഹു. കേന്ദ്രന്യൂനപക്ഷകമ്മീഷൻ അംഗം അഡ്വ. വി.വി. ജോഷിയെ നേരിൽ ബന്ധപ്പെട്ട് നിവേദനം സമർപ്പിക്കുകയുണ്ടായി.

## യൂണിറ്റ് രൂപീകരണവും അംഗത്വം ചേർക്കലും

രൂപതയിൽ യൂണിറ്റുകളില്ലാത്ത ഇടവകകളിൽ കത്തോലിക്ക കോൺഗ്രസിന്റെ പ്രവർത്തനം സജീവമാക്കുന്നതിനുവേണ്ടി ബഹു. ഫൊറോന ഡയറക്ടർമാരുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടത്തിവരുകയാണ്. ഇക്കാര്യത്തിൽ രൂപത ഭരണസമിതി അംഗങ്ങളും ആത്മാർത്ഥമായി പ്രവർത്തിച്ചുവരുന്നു. ഇടവകകളിലെ ബഹു. വികാരിയച്ചന്മാരോട് ചേർന്ന് പുതിയ യൂണിറ്റുകൾ രൂപീകരിച്ച് അംഗത്വവിതരണം നടത്തി എല്ലാ യൂണിറ്റുകളിൽ നിന്നും അംഗത്വഫീസ് സമാഹരിച്ച് രജിസ്ട്രേഷന് ഉത്തരവാദിത്വപ്പെട്ടവർ സഹായിക്കണം. ഓഗസ്റ്റ് മാസം 31 ന് മുമ്പായി പരമാവധി ആളുകളെ സംഘടനയിൽ അംഗങ്ങളാക്കുവാൻ ശ്രമിക്കണം.

## "ആത്മമിത്രം" മൈക്രോ ഫൈനാൻസ്

സംഘടന നേതൃത്വം വഹിക്കുന്ന "ആത്മമിത്രം" മൈക്രോ ഫൈനാൻസിന്റെ കോർപ്പറേറ്റ് ഓഫീസ്, ഓഗസ്റ്റ് 27-ാം തീയതി ഉച്ച കഴിഞ്ഞ് 3 മണിക്ക്, എറണാകുളത്ത്, അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്യും. ആത്മ മിത്രംവഴി സാമ്പത്തിക സഹായം ലഭിക്കുന്നത് കത്തോലിക്ക കോൺഗ്രസിലെ അംഗങ്ങൾക്ക് മാത്രമായിരിക്കും.

## മൈക്രോ ഫൈനാൻസ് മീറ്റിംഗ്

ഓഗസ്റ്റ് 27-ാം തീയതി "ആത്മമിത്രം" മൈക്രോ ഫൈനാൻസിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് അഭിവന്ദ്യ ആല ഞ്ചേരി പിതാവിന്റെ നേതൃത്വത്തിൽ രൂപത ഭാരവാഹികളായ പ്രസി ഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവരുമായും മൈക്രോ ഫൈനാൻസ് ബോർഡ് ഓഫ് ഡയറക്ടർമാരുമായും ചേർന്ന് മീറ്റിംഗ് നടത്തുന്നതാണ്.

## ഫൊറോന സമിതികൾ

വെള്ളയാംകുടി, ഇരട്ടയാർ, വാഴത്തോപ്പ്, കൂമ്പൻപാറ എന്നീ ഫൊറാനകളിൽ കത്തോലിക്ക കോൺഗ്രസിന്റെ പുതിയ ഫൊറോന സമിതി ഭാരവാഹികളെ തിരഞ്ഞെടുത്തിട്ടുണ്ട്.

| | | |
|---|---|---|
| **വെള്ളയാംകുടി** | : പ്രസിഡന്റ് | : ബേബിച്ചൻ ശൗര്യാംകുഴി |
| | സെക്രട്ടറി | : ബാബു വെട്ടിക്കാലായിൽ |
| | ട്രഷറർ | : സെബാസ്റ്റ്യൻ മാളിയേക്കൽ |
| **ഇരട്ടയാർ** | : പ്രസിഡന്റ് | : ജോസഫ് ദേവസ്യ മറ്റപ്പള്ളി |
| | സെക്രട്ടറി | : ജോയി ജോസഫ് വലിയമറ്റം |
| | ട്രഷറർ | : ജോബി തോമസ് മാളികപ്പുറത്ത് |
| **വാഴത്തോപ്പ്** | : പ്രസിഡന്റ് | : ജോസ് വറങ്ങലക്കുടി |
| | സെക്രട്ടറി | : ബാബു ചിന്താർമണിയിൽ |
| | ട്രഷറർ | : ഗബ്രിയേൽ വെളിയത്തുമാരിയിൽ |
| **കൂമ്പൻപാറ** | : പ്രസിഡന്റ് | : ജേക്കബ് കറുകപ്പിള്ളി |
| | സെക്രട്ടറി | : പീറ്റർ പൂണേലിൽ |
| | ട്രഷറർ | : സണ്ണി പൂങ്കുടി |



## ഗർഭഛിദ്രം നിയമവിധേയമാക്കാനുള്ള നടപടിയെ ചെറുത്തു തോല്പിക്കണം

ഗർഭഛിദ്രം നിയമവിധേയമാക്കാനും വ്യാപിപ്പിക്കാനുമുള്ള കേന്ദ്രഗവൺമെന്റ് നീക്കത്തിൽ കത്തോലിക്ക കോൺഗ്രസ് ശക്ത മായ പ്രതിഷേധം രേഖപ്പെടുത്തി. ജീവന്റെ സംരക്ഷണം മാനവരാ ശിയോടുള്ള ഉത്തരവാദിത്വമാണെന്നുള്ളതുകൊണ്ട് ഇക്കാര്യത്തിൽ എല്ലാ യൂണിറ്റ് ഭാരവാഹികളും ആലോചിച്ച് ഉചിതമായ പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കണമെന്ന് രൂപത കമ്മറ്റി ആവശ്യപ്പെട്ടു.

## കേരള ലേബർ മൂവ്മെന്റ്

## KLM 46/15 നിർധനരായവർക്ക് വീട് നിർമ്മിക്കുന്നതിന് രണ്ടു ലക്ഷം രൂപാ ധനസഹായം

കേരളലേബർ മൂവ്മെന്റ് ഇടുക്കി രൂപതാ കമ്മിറ്റിയുടെ ശുപാർശയോടെ സംസ്ഥാന ഗവൺമെന്റ്ഹൗസിംങ് ബോർഡ് മുഖാന്തരം നടപ്പാക്കിയിട്ടുള്ള 'ഗൃഹശ്രീ' പദ്ധതിയുമായി സഹകരിച്ച് നിർധനരായിട്ടുള്ളവർക്ക് 650 സ്ക്വൊയർ ഫീറ്റ് വീട് നിർമിക്കുന്ന തിന് തിരിച്ചടക്കേണ്ടതില്ലാത്ത 2 ലക്ഷം രൂപ ധനസഹായം ലഭിക്കു ന്നതിന് അവസരമൊരുക്കുന്നു. അപേക്ഷകർ കുറഞ്ഞത് 5 സെന്റ് പട്ടയഭൂമിയുള്ളവരും ഗവൺമെന്റിൽ നിന്നോ, പഞ്ചായത്തിൽ നിന്നോ മുൻപ് വീട് നിർമിക്കുന്നതിന് ധനസഹായം ലഭിക്കാത്ത വരുമായിരിക്കണം. ആവശ്യമുള്ളവർ 2015 സെപ്റ്റബർ 12 ന് മുൻപ് അറിയിക്കേണ്ടതാണ്.

വിശദ വിവരങ്ങൾക്ക്:

ജോർജ്ജ് അമ്പഴം - 9495125585
സെലിൻ മാത്യു - 9947360299

## KLM 47/15 തയ്യൽ തൊഴിലാളി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി

തയ്യൽത്തൊഴിലാളികളായവർക്കും നിർമ്മാണത്തൊഴിലാളികളായവർക്കും ക്ഷേമനിധിയിൽ ചേരുന്നതിന് KLM ഇടുക്കി രൂപതാ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

സന്തോഷ് - 9526895247

## KLM 48/15 വൈദീക തുടർപരിശീലന ക്യാമ്പ് നടത്തി

KLM സംസ്ഥാന കമ്മറ്റിയുടെ നേതൃത്വത്തിൽ തൊഴിൽ രംഗത്തെ അജപാലന ശുശ്രൂഷ ഇടവകകളിലും സമൂഹത്തിലും എന്ന വിഷയത്തെ ആസ്പദമാക്കി വൈദികരുടെ തുടർ പരിശീലന ക്യാമ്പ് മൂവാറ്റുപുഴ നെസ്റ്റ് സെന്ററിൽ നടത്തി. 68 വൈദികർ പങ്കെടുത്ത ക്യാമ്പ് KCBC ലേബർ കമ്മിഷൻ ചെയർമാൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം ഉദ്ഘാടനം ചെയ്തു. KLM സംസ്ഥാന പ്രസിഡന്റ് സെബാസ്റ്റ്യൻ പാലംപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. KLM സംസ്ഥാന ഡയറക്ടർ ഫാ. ജോർജ്ജ് നിരപ്പുകാലായിൽ, KCBC ഡെപ്യൂട്ടി സെക്രട്ടറി റവ. ഫാ. വർഗ്ഗീസ് വള്ളിക്കാട്ട് തുടങ്ങിവർ സന്ദേശം നൽകി. ഇടുക്കി രൂപതയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 3 വൈദികർ ക്യാമ്പിൽ പങ്കെടുത്തു.

## KLM 49/15 ഇടുക്കി രൂപതാ നേതൃയോഗം

KLM ഇടുക്കി രൂപതാ നേതൃയോഗം സെപ്റ്റംബർ 24 ന് എഴുകുംവയൽ പാരീഷ്ഹാളിൽ രാവിലെ 11 ന് ചേരും. രൂപതാ ഡയറക്ടർ ഫാ. ജോസഫ് പാപ്പാടി അധ്യക്ഷത വഹിക്കും. സംസ്ഥാന ഡയറക്ടർ ഫാ. ജോർജ്ജ് നിരപ്പുകാലായിൽ ഉത്ഘാടനം ചെയ്യും. രൂപതാ പ്രസിഡന്റ് ജോർജ്ജ് അമ്പഴം, സംസ്ഥാന കോ-ഓഡിനേറ്റർ അലക്സ് താളുപാടത്ത് തുടങ്ങിയവർ നേതൃത്വം കൊടുക്കും.

## KLM 50/15 വനിതാഫോറം കൺവെൻഷൻ

KLM ഇടുക്കി രൂപതാ വനിതാഫോറം രൂപതാ കൺവെൻഷൻ സെപ്റ്റംബർ 25-ാം തിയതി 1.00 pm ന് എഴുകുംവയലിൽ വച്ച് നടത്തപ്പെടും KLM വനിതഫോറം സംസ്ഥാന പ്രസിഡന്റ് ശോഭാ ആന്റണി, സംസ്ഥാന സെക്രട്ടറി മോളി ജോബി തുടങ്ങിയവർ പങ്കെടുക്കും.



## രൂപതാദ്ധ്യക്ഷന്റെ ഡയറി

**ആഗസ്റ്റ് 2015**

01 കാളിയാർ പള്ളിയിൽ നമ്പ്യാപറമ്പിൽ അഞ്ചല മനുവിന്റെ ആദ്യ കുർബാന സ്വീകരണത്തിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

04-08 കാക്കനാട് നടന്ന പിതാക്കന്മാരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു.

08 ജോസ്ഗിരിയിൽ ഫാ. സണ്ണി പൊട്ടംപറമ്പിലച്ചന്റെ പൗരോഹിത്യ രജത ജൂബിലി ആഘോഷ സമ്മേളനത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി.

09 കല്ലാർകുട്ടി പള്ളിയിൽ അഡ്വ. ജോളി കാരക്കൊമ്പിലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

10 വാഴത്തോപ്പ് പള്ളിയിൽ ബഹു. ഫാ. ഇമ്മാനുവേൽ കുത്തനാപ്പള്ളിയുടെ വത്സലമാതാവിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

12 തൊവരയാർ ഇടവകയിൽ കാവുങ്കൽ മൈക്കിൾ-അന്നമ്മ ദമ്പതികളുടെ 60-ാം വിവാഹ വാർഷികത്തിൽ വി.കുർബാനയർപ്പിക്കുകയും സന്ദേശം നല്കുകയും ചെയ്തു.

14 അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ നടന്ന സമർപ്പിതസംഗമത്തിൽ പങ്കെടുത്ത് സന്ദേശം നല്കുകയും ചർച്ചകൾക്ക് നേതൃത്വം വഹിക്കുകയും ചെയ്തു.

15 മുരിക്കാശ്ശേരി പള്ളിയിൽ ബഹു. ഫാ. ജോസ് കരിവേലിക്കലിന്റെ വത്സലമാതാവിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

16 കരിമ്പനിൽ എ.വി.ആർ. ജൂവലേഴ്സിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവ്വഹിച്ചു.

17-29 കാക്കനാട് നടന്ന അഭിവന്ദ്യ പിതാക്കന്മാരുടെ സിനഡിൽ പങ്കെടുത്തു.

30 വാത്തിക്കുടി ലൂർദ്മാതാ നവീകരിച്ച ദൈവാലയത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവ്വഹിച്ചു.

31 വെള്ളയാംകുടി ഇടവകയിൽ പുതിയതായി നിർമ്മിച്ച പാരീഷ് ഹാൾ വെഞ്ചിരിച്ചു.





## രൂപതാദ്ധ്യക്ഷന്റെ പരിപാടികൾ

**സെപ്റ്റംബർ - 2015**

| ദിവസം | സ്ഥലം | കാര്യപരിപാടികൾ |
|---|---|---|
| 01 | രാജകുമാരി | |
| 03 | മേരിലാന്റ് | |
| 05 | കരിമ്പൻ | |
| 06 | മാങ്കുളം | |
| 07 | കഞ്ഞിക്കുഴി | |
| 08 | വാഴവര | |
| 10 | കാക്കനാട് | |
| 12 | ഇരട്ടയാർ | സമർപ്പിതസംഗമം |
| 14 | രാജമുടി | |
| 16 | അതിരമ്പുഴ | |
| 17 | വിമലഗിരി | |
| 19 | മുരിക്കാശ്ശേരി | |
| 20 | രാജമുടി | |
| 21 | തടിയമ്പാട് | മൈനർ സെമിനാരി |
| 22 | കരിമ്പൻ | |
| 23 | കുതിരക്കല്ല് | ആരാധന മഠം |
| 24 | മച്ചിപ്ലാവ് | |
| 26 | കോടിക്കുളം | |

